കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാനൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/98/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/03/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാനൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ)
2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
3.കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/98/24 തീയ്യതി: 07/03/2024

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 03-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പി. സുനിൽ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	04-01-2024	22-01-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-01-2024	22-01-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.വി ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. രാജിമ എ.സി സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. നിഖില എ.എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. വി. നാസർ മാസ്റ്റർ.	ചെയർമാൻ	01-04-2022	31-03-2023

ശ്രീ. രാജൻ. കെ. കെ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2022	31-05-2022
ശ്രീമതി. ദീപ. സി.	സെക്രട്ടറി	01-06-2022	13-09-2022
ശ്രീ. പ്രവീൺ. എ.	സെക്രട്ടറി	14-09-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജൻ. കെ. കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-05-2022
ശ്രീ. വിനോദൻ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2022	26-06-2022
ശ്രീ. ശിവദാസൻ. കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	27-06-2022	13-01-2023
ശ്രീ. ഷിജു. സി. എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	14-01-2023	31-03-2023
ശ്രീ. മജീദ്. വി. കെ.	പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ	01-04-2022	31-03-2023
ശ്രീ. ജിതേഷ്കുമാർ. കെ. വി.	ഹെൽത്ത് ഇൻസ്പെക്ടർ	01-04-2022	11-09-2022
ശ്രീ. ശശി നടുവിലക്കണ്ടിയിൽ	ഹെൽത്ത് ഇൻസ്പെക്ടർ	12-09-2022	06-12-2022
ശ്രീ. മൊയ്തു. പി.	ഹെൽത്ത് ഇൻസ്പെക്ടർ	07-12-2022	31-03-2023
ശ്രീമതി. ഷീന.	കൃഷി ഓഫീസർ	01-04-2022	04-11-2022
ശ്രീമതി. നദീറ. ഇ.	കൃഷി ഓഫീസർ	05-11-2022	31-03-2023
ഡോ. അനിൽകുമാർ. ഐ. പി.	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-04-2022	31-03-2023
ഡോ. ഷാഹിന. എ. ആർ.	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2022	31-03-2023
ഡോ. ഹെലീന. വി.	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2022	31-03-2023
ഡോ. അനിൽകുമാർ. സി.	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി. അനിത. കെ. എം.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	31-05-2022
ശ്രീമതി. ലിജി. പി. ജി.	ഐ സി ഡി എസ് സൂപ്പർവൈസർ	01-06-2022	31-03-2023
ശ്രീ. സുധീർകുമാർ. എം.	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023
ശ്രീ. രാജേഷ്. ടി. ആർ.	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	നികുതി - നികുതിയേതര വരവുകളുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല	1-1-2
4	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അസറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.	1-1-3
5	ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവനിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-5
7	ക്യാപിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.	1-1-6
8	ബി-6 ഷെഡ്യൂളിലെ Unsecured Loan എന്ന ഇനത്തിൽ കാണിച്ചിട്ടുള്ള ₹511332 യുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-7
9	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല	1-1-8
10	ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് തുകകൾ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പാസ് ബുക്ക് ബാലൻസ് യഥാർത്ഥ പാസ്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും Annual Financial Statement B-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-11
13	SBI സാലറി അക്കൗണ്ട് 67291295298 ൽ റീകൺസിലിയേഷൻ പത്രിക പ്രകാരം 2018 ൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ നാളിതുവരെ ക്രഡിറ്റ് ചെയ്തില്ല.	1-1-12
14	സ്ഥാപനം ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല.	1-1-13
15	ബാലൻസ് ഷീറ്റിൽ ബി-11,ബി-15 ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ആസ്തികൾക്കും ബി-18 ഷെഡ്യൂളിലെ ഫെസ്റ്റിവൽ അഡ്വാൻസിനും നെഗറ്റീവ് തുകയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്	1-1-14
16	താഴെ കാണിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ ബാങ്ക് റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള അൺകാഷ്ഡ്, അൺ ക്രെഡിറ്റഡ് ചെക്കുകളുടെ വിശദാംശം ലഭ്യമല്ല	1-1-15
17	ബി-9 ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ബാധ്യത തുകകൾ ക്രമീകരിച്ചിട്ടില്ല	1-1-16
18	ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രിയയുമായി പൊരുത്തപ്പെടുന്നില്ല.	1-1-17
19	2023 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഹോണറേറിയം, കരാർ ജീവനക്കാരുടെ ശമ്പളം എന്നിവ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-18
20	ബി-5 Secured Loan ഇനത്തിൽ തിരിച്ചടവ് തുകയ്ക്ക് ആനുപാതികമായി കുറവ് വരുത്തുന്നില്ല	1-1-19
21	കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം	1-1-20
22	ബജറ്റ്	1-2
23	പുതുക്കിയ ബജറ്റ്	1-2-1
24	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
25	ഫണ്ട് വിനിയോഗം	1-4

26	പദ്ധതി അവലോകനം.	1-5
27	അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതി	1-6
28	ക്ഷേമപദ്ധതികൾ	1-7
29	ക്യാഷ് പരിശോധന	1-8
30	ആഭ്യന്തരനിയന്ത്രണം	1-9
31	വാർഡ്സഭ	1-10
32	വസ്തു നികുതി- കെട്ടിടങ്ങളുടെ വിസ്തീർണ്ണം - ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും ന്യൂ ബിൽഡിംഗ് രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല	1-11
33	അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല.	1-12
34	മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല	1-13
35	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകങ്ങൾ.	1-14
36	ഭേദഗതി ഉത്തരവിനുശേഷമുള്ള എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിശോധിക്കപ്പെടുന്നില്ല.	1-15
37	നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ്, പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകങ്ങൾ	1-16
38	ലേലം വരവ് - അപാകങ്ങൾ	1-17
39	വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്	1-18
40	തനത് വരുമാനം - പൊതു അവലോകനം	1-19
41	അലോട്ട്മെന്റ് തുക യഥാസമയം ബാങ്കിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. നഗരസഭക്ക് 1.06 കോടി രൂപ നഷ്ടമായി.	1-20
42	ധനകാര്യ കമ്മീഷൻ ഗ്രാന്റ് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു	1- 21
43	വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹15,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
44	ഉപകരണ വിതരണം – പി.എച്ച്.സി മേക്കുന്ന് -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹474503 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
45	എസ്.സി വീട് റിപ്പയർ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹409225 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
46	ഐ കെ എം വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
47	കണ്ണൂർ ഫൈറ്റ് കാൻസർ, കാൻസർ നിയന്ത്രണ പദ്ധതി - ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരം ലഭ്യമല്ല ₹112000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-26
48	ദുരന്ത നിവാരണ വളണ്ടിയർമാർക്ക് ID കാർഡ്, യൂണിഫോം - വിതരണ വിവിരം ലഭ്യമല്ല ₹39672 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
49	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹329171 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-28
50	സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഉത്തരവിന് വിരുദ്ധമായി ഓണറേറിയം നല്കിയത് - ₹90955യുടെ ചെലവ് അംഗീകരിക്കുന്നില്ല	1-29
51	സോയിൽ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
52	ക്ഷീര കർഷകരിൽ നിന്നും പാൽ ശേഖരിച്ച വിൽപ്പന - ഇരുചക്ര വാഹനം വാങ്ങൽ- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.₹15000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.	1-31
53	എസ് സി വിഭാഗത്തിൽ പെട്ട ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം രേഖകൾ ലഭ്യമല്ല ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-32
54	40 വാർഡുകളിലും 500 മീറ്റർ ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹1886820 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-33

55	മോന്താൽ പെരിങ്ങത്തൂർ ബോട്ട് ജെട്ടി പോസ്റ്റ് സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ വലിക്കലും - രേഖകൾ ലഭ്യമല്ല ₹196883 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-34
56	ശിങ്കാരിമേളം പരിശീലനവും ഉപകരണം വാങ്ങലും - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ₹288700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-35
57	സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹1025726 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-36
58	നഗരസഭ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ രേഖകൾ ലഭ്യമല്ല ₹1301164 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-37
59	പകൽ വിശ്രമ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ -വിശ്രമകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല ₹99993 ചെലവ് തടസ്സപ്പെടുത്തുന്നു.	1-38
60	തനത് ഫണ്ട് ചെലവ് രേഖകൾ ലഭ്യമല്ല ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-39
61	ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ - ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയില്ല.	1-40
62	അപ്രന്റിസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ്-കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-41
63	സ്കൂളുകൾക്ക് കായിക ഉപകരണ കിറ്റ്-പദ്ധതി നിർവ്വഹണം-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല	1-42
64	ശുചീകരണ പണിയായുധങ്ങൾ ശുചീകരണ സാമഗ്രികൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകം	1-43
65	പോത്തുകുട്ടി വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-44
66	പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്	1-45
67	വാർഡുകളിലേക്ക് റിംഗ് കമ്പോസ്റ്റ്- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ	1-46
68	മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ പുരോഗതി കൈവരിച്ചില്ല	1-47
69	മരാമത്ത് പ്രവൃത്തി - പൊതുവായ അപാകതകൾ	1-48
70	പൊതുമരാമത്തു പ്രവൃത്തികൾ - ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല.	1-49
71	പെൻഷൻ ഫണ്ട് അവലോകനം	1-50
72	ലോൺ രജിസ്റ്ററും വായ്പയെ സംബന്ധിച്ചുള്ള ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കാത്തത്	1-51
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഉത്തരവിന് വിരുദ്ധമായി ഓണറേറിയം നല്കിയത് - ₹90955 യുടെ ചെലവ് അംഗീകരിക്കുന്നില്ല	3-1
2	ക്ഷീര കർഷകരിൽ നിന്നും പാൽ ശേഖരിച്ച് വിൽപ്പന - ഇരുചക്ര വാഹനം വാങ്ങൽ- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.₹15000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.	3-2
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8

9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാനൂർ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.7.2023 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 31-7-2023 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിൻമേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
07.03.2024.

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58-2(എഫ്) ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷിക ധനകാര്യ പത്രികയോടൊപ്പം Note On Account (2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58-2(ഇ) ഉൾപ്പെടുത്തിയിട്ടില്ല.

3. വാർഷിക കണക്കിൽ മുൻവർഷത്തെ താരതമ്യ തുകകൾ (2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58-3 ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 നികുതി - നികുതിയേതര വരവുകളുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

1. വിവിധ നികുതി, നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ട വിവിധ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അസറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ അഡ്വാൻസ്, ഡെപ്പോസിറ്റ് ഇനങ്ങളിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. നഗരസഭ വിവിധ വായ്പ ഇനത്തിൽ എടുത്ത തുക, 2022-23 വർഷാരംഭം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക, 2022-23 വർഷത്തിൽ തിരിച്ചടച്ച തുക, 2022-23 വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരം ലഭ്യമാകുന്ന വായ്പ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളിൽ മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത്. പ്രസ്തുത ഹെഡ്ഡിന്റെ ലഡ്ജർ പരിശോധിച്ചപ്പോൾ 31-3-2020 ന് ₹29,360,000 വായ്പ ഇനത്തിൽ ബാലൻസ് ഉണ്ട്. പ്രസ്തുത തുക തന്നെയാണ് 2022-23 വർഷവും നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. 2020-2021, 2021-22, 2022-23 സാമ്പത്തിക വർഷം KURDFC വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് ജി.ഒ പ്രൊജക്റ്റ് പ്രകാരം വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിലും ആയതനുസരിച്ച് വായ്പ തുകയിൽ കുറവ് വരുത്തുകയോ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

3. കേന്ദ്ര - സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ഓഡിറ്റ് വർഷം ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന മാന്വൽ എ സി ആർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-1-4 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷം ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ബാലൻസ്ഷീറ്റിൽ ബി-11 ഷെഡ്യൂളിലെ അക്യുമിലേറ്റഡ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവനിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. ചെയർമാന്റെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ ₹14057 യും B-17 ഷെഡ്യൂളിലും റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-40(b) ഷെഡ്യൂളിലും ₹40859 യുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2. എം. പി ഫണ്ടിനത്തിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ ₹4938044യും B-17 ഷെഡ്യൂളിലും റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-40(b) ഷെഡ്യൂളിലും ₹2409209യുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

3. NULM B-4 പ്രകാരം ബാലൻസ് ₹4670846യും NULM കാനറ ബാങ്ക് റീകൺസിലിയേഷൻ പ്രകാരം സീറോ ബാലൻസാണ് ഉള്ളത്. SBT NULM B-17ൽ ബാലൻസ് ₹1486307 ആണ്.

4. ICICI SBM PFMS ബി-4 പ്രകാരം ₹1438027 യും B-17 പ്രകാരം ₹1064582 യുമാണ്.

5. PMAY B-4 പ്രകാരം ബാലൻസ് ₹9080000 യും B-17 പ്രകാരം₹18343005 യുമാണ്
വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

1-1-6 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ അദ്രേസ്ഡ് എന്ന ഹെഡിൽ മുൻവർഷത്തെ തുകയോട് എം പി ഫണ്ടിൽ നിന്നുള്ള കാപ്പിറ്റൽ എക്സ്പെൻഡിച്ചർ തുക മാത്രമേ ചേർത്തിട്ടുള്ളൂ. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുടങ്ങിയ മറ്റ് ഗ്രാന്റുകളിൽ നിന്നുമുള്ള ആസ്തി സൃഷ്ടിക്കൽ ചെലവുകൾ ബി-3 യിൽ ഉൾപ്പെട്ടിട്ടില്ല.

1-1-7 ബി-6 ഷെഡ്യൂളിലെ Unsecured Loan എന്ന ഇനത്തിൽ കാണിച്ചിട്ടുള്ള ₹511332 യുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി-6 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള Unsecured Loan എന്ന ഇനത്തിൽ കാണിച്ചിട്ടുള്ള ₹511332 യിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത്. (മേൽ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് [നം.6/08.01.24] മേൽ തുക PF ലോൺ ഇനത്തിൽ ജേണൽ വൗച്ചറായി 2020-21 വർഷം രേഖപ്പെടുത്തിയതാണെന്ന മറുപടിയാണ് നൽകിയത്). ആയത് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-8 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

2022-23 വർഷം മുൻസിപ്പാലിറ്റിയിൽ നടപ്പാക്കിയ പദ്ധതികളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിൽ തൻവർഷം വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത ₹2919013യുടെ പ്രവൃത്തികൾ ഉണ്ടെങ്കിലും ആയത് ബി-18 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

1-1-9 ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് തുകകൾ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ₹7092000 യും ടൈഡ് ഇനത്തിൽ ₹10638500 യും എ സി ആർ പ്രകാരം ബാങ്ക് വരവ് കാണിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച ബാങ്ക് പാസ്ബുക്കിൽ ₹7092000 മാത്രമേ വരവ് കാണിച്ചിട്ടുള്ളൂ വാർഷീക കണക്കിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവായി കാണിച്ചിട്ടുള്ളത് ₹325489 യാണ് (RP-6), എന്നാൽ RP-24 ൽ Grant, Contribution For Specific Purpose-Central Govt ൽ ₹7092000 വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ GO (RT) No 938/2023 Fin Dt 8-2-23 പ്രകാരം വരവ് വന്ന ₹10638500 യുടെ വരവ് വാർഷികകണക്കിൽ ബന്ധപ്പെട്ട ശീർഷകത്തിൽ കാണിച്ചിട്ടില്ല. മേൽ തുക പ്രസ്തുത ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റിലും കാണിച്ചിട്ടില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് തുക അക്കൗണ്ട് ചെയ്യാത്തതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക മാർച്ച് മാസം ട്രഷറിയിൽ നിന്നും തിരികെ പോയി എന്നും ആയത് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത തുക മുൻസിപ്പാലിറ്റിക്ക് തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ACR പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസികിൽ ₹8719328യും ടൈഡിൽ ₹9382973യും ചേർത്ത് ആകെ ₹18102301 ACR പ്രകാരം ചെലവുണ്ടെങ്കിലും വാർഷിക കണക്കിൽ I-6 ൽ ₹325489 മാത്രമേ ചെലവ് കാണിച്ചിട്ടുള്ളൂ. ബാക്കി ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഏത് ശീർഷകത്തിലാണ് ചേർത്തതെന്ന് വ്യക്തമല്ല.

1-1-10 റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പാസ് ബുക്ക് ബാലൻസ് യഥാർത്ഥ പാസ്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31-3-2023 ലെ ബാങ്ക് റികൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് നീക്കിയിരിപ്പും ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാങ്ക് അക്കൗണ്ട്	റികൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് നീക്കിയിരിപ്പ്	ബാങ്ക് പാസ് ബുക്ക് നീക്കിയിരിപ്പ്
KGB Own Fund (49990) പാന്നൂർ	₹43052838	₹851128
ഡിഫർ സാലറി അക്കൗണ്ട്	0	₹573670

1-1-11 ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും Annual Financial Statement B-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31-3-2023 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക്

നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയിലെ B-17 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാങ്ക് അക്കൗണ്ട്	ബാങ്ക് ബുക്ക് നീക്കിയിരിപ്പ്	AFS പ്രകാരമുള്ള നീക്കിയിരിപ്പ്
SBI Property Tax	4515156	5408801
SIB Professional Tax 2166	11675242	12640565

1-1-12 SBI സാലറി അക്കൗണ്ട് 67291295298 ൽ റീകൺസിലിയേഷൻ പത്രിക പ്രകാരം 2018 ൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ നാളിതുവരെ ക്രെഡിറ്റ് ചെയ്തില്ല.

SBI സാലറി അക്കൗണ്ട് 67291295298 ൽ റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെ പറയുന്ന ₹49666 യുടെ ചെക്കുകൾ ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്രെഡിറ്റഡ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടുണ്ട്.

A. ₹42666 ചെക്ക് നമ്പർ 044812/20-7-2018

B. ₹7200 ചെക്ക് നമ്പർ 044750/14-5-2018

മേൽ ചെക്കുകൾ നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല. ആയത് പരിശോധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-13 സ്ഥാപനം ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല.

SBI കാർഡ് പേയ്മെന്റ് അക്കൗണ്ടിൽ റീകൺസിലിയേഷൻ പത്രിക പ്രകാരം ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് എന്ന ശീർഷകത്തിലെ 31-3-2021 ന് ഇഷ്യൂ ചെയ്ത ₹2425299 യുടെ ചെക്കുകൾ നാളിതുവരെ ക്യാഷ് ചെയ്തിട്ടില്ല. എന്നാൽ മേൽ ചെക്കുകൾ ബി-9 ശീർഷകത്തിലെ സ്റ്റെയിൽ ചെക്കിൽ കാണിച്ചിട്ടില്ല. സ്റ്റെയിൽ ചെക്ക് ശീർഷകത്തിൽ ബി-9 ഷെഡ്യൂളിൽ ₹494170 യാണ് ബാലൻസ് കാണിച്ചിട്ടുള്ളത്.

1-1-14 ബാലൻസ് ഷീറ്റിൽ ബി-11,ബി-15 ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ആസ്തികൾക്കും ബി-18 ഷെഡ്യൂളിലെ ഫെസ്റ്റിവൽ അഡ്വാൻസിനും നെഗറ്റീവ് തുകയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്

നമ്പർ	ഷെഡ്യൂൾ	കോഡ് നമ്പർ	ശീർഷകം	തുക ₹
1	B-11	41020011	മാർക്കറ്റ് ബിൽഡിങ്ങ്	-6550
2	B-15	43119090101	Receivables For Professional Tax - Institutions/Professionals/Traders (Current)	-2243715
3	B-15	43119090102	Receivables For Professional Tax - Institutions/Professionals/Traders (Arrear)	-272110
4	B-15	431400101	Rent Receivable From Civic Amenities (Current)	-1247134
5	B-15	431400102	Rent Receivable From Civic Amenities (Arrears)	-277320
6	B-15	431400107	Rent Receivable From Lease On Land (Current)	-82466
7	B-15	431400108	Rent Receivable From Lease On Land (Arrear)	-36734
8	B-18	460100400	Festival Advance To Employees	-917200

ബാലൻസ് ഷീറ്റിൽ മേൽ ഷെഡ്യൂളുകളിൽ നെഗറ്റീവ് നീക്കിയിരിപ്പ് കാണിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

1-1-15 താഴെ കാണിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ ബാങ്ക് റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള അൺകാഷ്ഡ്, അൺ ക്രെഡിറ്റഡ് ചെക്കുകളുടെ വിശദാംശം ലഭ്യമല്ല

1. SIB പ്രൊഫഷണൽ ടാക്സ് 2166 അക്കൗണ്ടിൽ റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് എന്ന ശീർഷകത്തിലെ ₹136880 യുടെ ചെക്കുകളുടെയും ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് എന്ന ശീർകത്തിൽ കാണിച്ചിട്ടുള്ള ₹472284 യുടെ ചെക്കുകളുടെയും വിശദാംശം റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. SBI യിലെ എം പി ഫണ്ടിന്റെ റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് എന്ന ശീർഷകത്തിലെ ₹4085511 യുടെയും ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് എന്ന ശീർകത്തിൽ കാണിച്ചിട്ടുള്ള ₹8399311 യുടെ ചെക്കുകളുടെയും വിശദാംശം റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ അക്കൗണ്ടായ KGB PFMS പാന്നൂർ ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്രെഡിറ്റഡ് എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള 31-3-2023 ലെ ₹7092000 യുടെയും (ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) 31-3-2022 തീയതിയിലെ ₹1000 യുടെയും (ചെക്ക് നമ്പർ ഇല്ല) വിശദാംശങ്ങൾ ലഭ്യമല്ല.

1-1-16 ബി-9 ഷെഡ്യൂളിലെ താഴെ കാണിച്ചിട്ടുള്ള ബാധ്യത തുകകൾ ക്രമീകരിച്ചിട്ടില്ല

ബി-9 ഷെഡ്യൂളിലെ താഴെ കാണിച്ചിരിക്കുന്ന ശീർഷകത്തിലെ തുകകൾക്ക് മുൻവർഷത്തെ അതേ നീക്കിയിരിപ്പാണ് കാണിച്ചിട്ടുള്ളത്. മേൽ തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

1. ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള Dues To Other LSGIs (Code No-350200108) ₹144000 ഏതൊക്കെ LSGI കൾക്ക് ഏതിനത്തിൽ നല്കാനുള്ള തുകയാണ് എന്ന് വ്യക്തമാകുന്നില്ല.

2. B-9 ഷെഡ്യൂളിൽ ഡിസി ബി ഇനങ്ങളിൽ മുൻകൂറായി ഈടാക്കിയ തുക വർഷങ്ങളായി ക്രമീകരിക്കാതെ കാണുന്നു. കാരണം വ്യക്തമാക്കിയിട്ടില്ല.

350410105	സർച്ചാർജ്ജ് -വസ്തു നികുതി	96
350410401	സിവിക് അമ്നിറ്റീസ് -വാടക	3087982
350410404	ലീസ് ഓഫ് ലാൻഡ് വാടക	1100
350419900	അദർ റവന്യൂ	284980

3. B-9 ബാധ്യത ഹെഡിൽ Value Added Tax ഇനത്തിൽ കോഡ് നമ്പർ 350200209 ൽ ₹35972 യും കോഡ് നമ്പർ 350200210 ൽ ₹51958 യും നീക്കിയിരിപ്പുണ്ട്. സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

4. B-9 ശീർഷകത്തിലെ റിക്കവറീസ് പേയബിൾ കോവിഡ് എന്ന ഹെഡിലെ ₹894604 മുൻവർഷത്തെ അതേ നീക്കിയിരിപ്പാണ് കാണിച്ചിട്ടുള്ളത്. മേൽ തുക ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

5. തൻവർഷത്തെ B-9 പ്രകാരമുള്ള താഴെ പറയുന്ന ശീർഷകത്തിലെ തുകകൾ മുൻവർഷത്തെ അതേ നീക്കിയിരിപ്പാണ്. ഈ തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

Flood Cess Payable -₹18267, Others Payable – ₹11743, Refund Payable Others-₹10000, Refund Payable Others-₹5000, VAT Payable-₹1401, Poor Home Cess Payable- 546.

1-1-17 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രിയയുമായി പൊരുത്തപ്പെടുന്നില്ല.

1. താഴെ പറയുന്ന ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

ഇനം	വാർഷിക ധനകാര്യ പത്രിക	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ	സുലേഖ ചെലവ് പത്രിക
ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ടൈഡ് അൺടൈഡ്	325489 (I-6)	9382973+ 8719328 18102301	17506024

1-1-18 2023 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഹോണറേറിയം, കരാർ ജീവനക്കാരുടെ ശമ്പളം എന്നിവ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മുനിസിപ്പാലിറ്റിയിലെ 2023 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഹോണറേറിയം, കരാർ ജീവനക്കാരുടെ ശമ്പളം, എന്നീ ബാധ്യത ചെലവുകൾ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-19 ബി-5 Secured Loan ഇനത്തിൽ തിരിച്ചടവ് തുകയ്ക്ക് ആനുപാതികമായി കുറവ് വരുത്തുന്നില്ല

ബി-5 ഷെഡ്യൂളിൽ Secured Loan ഇനത്തിൽ മുൻ വർഷത്തെ അതേ തുകയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. പ്രസ്തുത ഹെഡിന്റെ ലഡ്ജർ പരിശോധിച്ചപ്പോൾ 31-3-2020 ന് ₹29,360,000 വായ്പ ഇനത്തിൽ ബാലൻസ് ഉണ്ട്. പ്രസ്തുത തുക തന്നെയാണ് 2022-23 വർഷവും നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. 2020-2021, 2021-22, 2022-23 സാമ്പത്തിക വർഷം KURDFC വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് ജി.ഒ പ്രൊജക്റ്റ് പ്രകാരം വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ആയതനുസരിച്ച് വായ്പ തുകയിൽ കുറവ് വരുത്താത്തത് സംബന്ധിച്ചും നൽകിയ എൻക്വയറിക്ക് (നമ്പർ 6/08.01.24) മറുപടിയിൽ 2022-23 വർഷം ജി ഒ പ്രൊജക്റ്റ് പ്രകാരം ₹2333334 സർക്കാർ കിഴിവ് വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് ജി ഒ പ്രൊജക്റ്റ് തയ്യാറാക്കി സുലേഖയുടെ ഭാഗമാക്കുകയോ വാർഷിക ധനകാര്യപത്രികയിൽ ചേർക്കുകയോ ചെയ്തിട്ടില്ല. മുൻവർഷങ്ങളിലും ഇപ്രകാരം ജി ഒ പ്രൊജക്റ്റ് പ്രകാരം കിഴിവ് വരുത്തുന്ന തുകക്ക് ആനുപാതികമായി വായ്പയിൽ കുറവ് വരുത്തിയിട്ടില്ല. ജി ഒ പ്രൊജക്റ്റ് പ്രകാരം മുൻവർഷങ്ങളിൽ സർക്കാർ കിഴിവ് വരുത്തിയ തുക പരിശോധിച്ച് ബി-5 ൽകാണിച്ച വായ്പ തുക ക്രമീകരിക്കേണ്ടതാണ്.

1-1-20 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2022-23 വർഷത്തെ ട്രയൽ ബാലൻസ് ജനറൽ ഫണ്ട്, എക്സസ് ഓഫ് ഇൻകം & എക്സ്പെന്റിച്ചർ എന്നിവയുടെ മുന്നിരിപ്പ് തുക 2021-22 ബാലൻസ് ഷീറ്റ് B-1ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-23ലെ ബജറ്റ് 30-03-2022ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	48375147
വരവ്	750183980
ആകെ	798559127
ചെലവ്	761751404
നീക്കിയിരിപ്പ്	36807723

1-2-1 പുതുക്കിയ ബജറ്റ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-23 ലെ പുതുക്കിയ ബജറ്റ് 22-03-2023 ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	68390265
വരവ്	678978240
ആകെ	747368505
ചെലവ്	706448992
നീക്കിയിരിപ്പ്	40919513

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

വർഷം	2022-23
മുന്നിരിപ്പ്	85740086
വരവ്	235441539
ആകെ	321181625

ചെലവ്	179499303
നീക്കിയിരിപ്പ്	141682322
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം	105955
തടസ്സപ്പെടുത്തിയ തുക	8143857

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ	0	54061896	54061896	38038566	16023330
വികസന ഫണ്ട്-എസ്.സി.പി	0	3343000	3343000	2407284	935716
മെയിന്റനൻസ് ഗ്രാന്റ്, റോഡ്	0	13064000	13064000	6755815	6308185
മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ്	0	13611000	13611000	8596366	5014634
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	25663000	6489812	32152812	8786696	23366116
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	15704821	7732009	23436830	8719328	14717502
അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	2996815	8160710	11157525	11098738	58587
സെൻട്രൽ ഗവ.ഫണ്ട്	63427955	40053461	103481416	0	103481416
ഗ്രാന്റ് ഫോർ പ്രോജക്ട്	16973532	0	16973532	0	16973532
സ്പെസിഫിക് പർപ്പസ്	2768236	0	2768236	1275000	1493236
കൈമാറി കിട്ടിയ സ്ഥാപന വരവ്	351027	0	351027	0	351027
വെൽഫെയർ ബോഡീസ്	50000	0	50000	0	50000
ഡവലപ്മെന്റ് ഫണ്ട് – സ്പെഷ്യൽ ഗ്രാന്റ്	61200	0	61200	0	61200
എം.പി ഫണ്ട്	6469698	194000	6663698	`1725654	4938044
ഹെൽത്ത് &	0	13543576	13543576	0	13543576

വെൽനെസ് ഗ്രാന്റ്					

വാർഷിക ധനകാര്യ പത്രിക, സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ലഡ്ജർ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോഗം തയ്യാറാക്കിയത്. വികസന ഫണ്ട് (ജനറൽ, എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഇനങ്ങളിൽ സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള അലോട്ട്മെന്റ് വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്) ഇനത്തിൽ സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവും സുലേഖ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡിൽ അലോട്ട്മെന്റ് തുക യഥാസമയം ബാങ്കിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ 1,06,38,500/- രൂപ നഷ്ടമായിട്ടുണ്ട്. ആയത് ഫണ്ട് വിനിയോഗത്തിൽ ചേർത്തിട്ടില്ല. (ഖണ്ഡിക 1-20 കാണുക). വിവിധ കേന്ദ്ര സംസ്ഥാന ഗ്രാന്റുകളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനായി നഗരസഭയിൽ ഒരു രജിസ്റ്ററും സൂക്ഷിക്കുന്നില്ല. സെൻട്രൽ ഗവ. ഫണ്ട് എന്ന ശീർഷകത്തിൽ വാർഷിക ധനകാര്യപത്രികയിൽ ഹെൽത്ത് ഗ്രാന്റ് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, പി എം എ വൈ, എൻ യു എൽ എം എന്നിവയുടെ വരവ് ചെലവ് വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
313	225889882	178	95500375	63	135	37.06

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം		ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് %
		ഏറ്റെടുത്തത്	നടപ്പിലാക്കിയത്			
1	സെക്രട്ടറി	39	26	37130849	10059202	27.09
2	പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ	12	9	14724900	9046765	61.44
3	അസിസ്റ്റന്റ് എഞ്ചിനീയർ	163	64	98744000	31858564	32.26
4	ഹെൽത്ത് ഇൻസ്പെക്ടർ	31	18	39385162	14569420	36.99
5	കൃഷി ഓഫീസർ	11	11	4282196	3243767	75.75
6	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	8	7	5219310	4246243	81.36
7	മെഡിക്കൽ ഓഫീസർ ആയുർവേദം	2	2	1375000	1365238	99.29

8	മെഡിക്കൽ ഓഫീസർ ഹോമിയോ	2	2	490000	483952	98.77
9	വെറ്ററിനറി സർജൻ	9	9	5575500	3258601	58.45
10	ICDS സൂപ്പർവൈസർ	17	16	14418465	13872850	96.22
11	ഹെഡ്മാസ്റ്റർ	16	11	3684500	3136614	85.13
12	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	3	3	860000	359159	41.76
	ആകെ	313	178	225889882	95500375	42.28

1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവ്	2996815	1249221	4246036	4187249	58787
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയത്	-	6911489	6911489	6911489	-
ആകെ	2996815	8160710	11157525	11126913	58787

1-7 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1362000	432
വിധവാ പെൻഷൻ	7283100	2622
വാർദ്ധക്യകാല പെൻഷൻ	13920000	5320
ഭിന്നശേഷി പെൻഷൻ	2055900	677
അവിവാഹിത പെൻഷൻ	61800	200

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2024 ന് 3.20 Pm ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹75706 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും മുനിസിപ്പാലിറ്റിയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെന്ന് പറയാമെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടെ പല അപാകതകളും നിലനിൽക്കുന്നുണ്ട്. തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. 2022-23 വർഷം 26-6-2022, 14-9-2022, 20-10-2022 എന്നീ തീയതികളിൽ മൂന്ന് തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. സ്റ്റാഫ് മീറ്റിംഗിൽ തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും (സ്റ്റാഫ് മീറ്റിംഗിൽ) മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തുന്നില്ല. മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ചെലവ് പരിശോധനയുടെ അടിസ്ഥാനത്തിലും ഉള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലുള്ള പല അപാകതകളും ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല. മുൻസിപ്പാലിറ്റിയിൽ തനത് ഫണ്ട് വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്ററിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തുന്നില്ല. വൗച്ചറുകളുടെ കൂടെ ചെലവിനാധാരമായ രേഖകൾ സൂക്ഷിക്കുന്നില്ല. സാംഖ്യയിൽ നിന്ന് ലഭിക്കുന്ന പേയ്മെന്റ് ഓർഡറുകൾ സൂക്ഷിക്കുന്നില്ല. എല്ലാ വൗച്ചറുകളുടെയും പേയ്മെന്റ് ഓർഡർ വൗച്ചറിന്റെ കൂടെ ചേർത്ത് വച്ചിട്ടില്ല.

വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ട് ചെലവുകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും വൗച്ചർ സൂക്ഷിപ്പിലെ അപാകങ്ങൾ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. തനത് ഫണ്ട് ചെലവുകളുടെ വൗച്ചറുകളും പേമെന്റ് ഓർഡറുകളും കൃത്യമായി സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യാത്തത് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-10 വാർഡ്സഭ

മുനിസിപ്പാലിറ്റിയിലെ 40 വാർഡുകളിലും 2022-23 ൽ 5/2022, 9/2022, 1/2023 എന്നീ മാസങ്ങളിലായി മൂന്ന് തവണയാണ് വാർഡ്സഭാ യോഗം ചേർന്നിട്ടുള്ളത്. വാർഡ്സഭാ യോഗങ്ങളിൽ ക്വാറം തികയുകയും അജണ്ടകളിന്മേലുള്ള തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

1-11 വസ്തു നികുതി- കെട്ടിടങ്ങളുടെ വിസ്തീർണ്ണം - ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും ന്യൂ ബിൽഡിംഗ് രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപെടുന്നില്ല

മുനിസിപ്പാലിറ്റിയിലെ കെട്ടിടങ്ങളുടെ വിവരശേഖരണം ജി ഐ എസ് മാപ്പിംഗ് വഴി നടത്തിയിട്ടുണ്ട്. ഇപ്രകാരം കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും ന്യൂ ബിൽഡിംഗ് രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര്	വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഉപയോഗക്രമം	പ്ലിന്ത് ഏരിയ (ച.മീ) - ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം	പ്ലിന്ത് ഏരിയ (ച.മീ) - ജി ഐ എസ് മാപ്പിംഗ് പ്രകാരം
ഫൈസൽ	16/308 A	പാർപ്പിടം	247	279.9
ഖാദർ	38/375 A	പാർപ്പിടം	339.58	386
മമ്മദ്	13/290 B	പാർപ്പിടം	200	218.2
അനിൽകുമാർ	24/384	പാർപ്പിടം	192.93	213.1
രമ	14/181 A	പാർപ്പിടം	71.65	106.8
സെക്രട്ടറി, പൂക്കോം മഹൽ കമ്മിറ്റി	38/222 A	വാണിജ്യം	411	490
താജുദ്ദീൻ	17/221	പാർപ്പിടം	255.69	298.12
ദേവദാസ്	38/189	പാർപ്പിടം	191	202.76
റിജേഷ്. കെ.കെ	14/64	പാർപ്പിടം	257.35	289
സിദ്ദീഖ്	18/216	പാർപ്പിടം	210.87	230.15
മമ്മുഹാജി	18/982	വാണിജ്യം	1205.08	1691.22
മുഹമ്മദ്	37/53 A	വാണിജ്യം	256.22	273
മഹമൂദ്	22/166	വാണിജ്യം	123	153
സജീവ് കുമാർ	25/300 A	പാർപ്പിടം	67.95	71.4

മേൽ അപാകത സംബന്ധിച്ച് 58/19-01-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ അധികം വരുന്ന ഭാഗത്തിന് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-12 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233(2) വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അത് നിർമ്മിച്ച നാൾ മുതൽ പൊളിച്ചു കളയുന്നതുവരെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിൽ 10

അനധികൃത കെട്ടിടങ്ങളാണുള്ളത്. ആയതിൽ താഴെ പരാമർശിച്ച കെട്ടിടങ്ങൾക്ക് 2020-21 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ വസ്തു നികുതി ഇനത്തിൽ തുക പിരിച്ചെടുക്കാനുണ്ട്.

ക്രമ നമ്പർ	വാർഡ്/കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേര്	സഞ്ചയ പ്രകാരം വിസ്തീർണ്ണം
1	12/34A	നൂച്ചിക്കാട്ട് മുസ്തഫ	62.1
2	12/34B	നൂച്ചിക്കാട്ട് മുസ്തഫ	62
3	12/34C	നൂച്ചിക്കാട്ട് മുസ്തഫ	62.1
4	12/34D	നൂച്ചിക്കാട്ട് മുസ്തഫ	62
5	31/105	മറിയം	12
6	40/617/A(UAC)	പുത്തലത്ത് ലത്തീഫ്	1120

അനധികൃത കെട്ടിടങ്ങളുടെ ഉടമസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും, നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അത്തരം കെട്ടിടങ്ങൾക്കുമേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരവും ലഭ്യമാക്കുന്നതിന് 46/18.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ വർഷങ്ങളായി കുടിശ്ശികയുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഡ്/ കെട്ടിട നമ്പർ	മൊബൈൽ ടവറിന്റെ വിവരം	കുടിശ്ശിക കാലയളവ്
39/357A	റിലയൻസ് ഇൻഫോകോം ലിമിറ്റഡ്	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ
18/262A	കെ.ഗോപകുമാർ. ലെസ്സി. റിലയൻസ് ഇൻഫോകോം ലിമിറ്റഡ്	2016-17 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ
1/1069	മാനേജർ ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ്	2015-2016 രണ്ടാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ
38/115A	പ്രൊജക്റ്റ് മാനേജർ എം.എസ് വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്	2016-17 രണ്ടാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ
16/72	വോഡാഫോൺ എസ്സാർ ലിമിറ്റഡ്	2020-21 രണ്ടാംഅർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ

ജി.ഐ.എസ് മാപ്പിംഗ് സൈറ്റിലെ വിവരശേഖരണ പ്രകാരം 21 മൊബൈൽ ടവറുകളാണുള്ളത്. കുടിശ്ശിക

പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനും അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാക്കുന്നതിന് 42/18.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ജി.ഐ.എസ് മാപ്പിംഗിലെ വിവരങ്ങളുംകൂടി പരിഗണിച്ച് വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി നിർണ്ണയം നടത്താൻ അവശേഷിക്കുന്ന ടവറുകളെ കണ്ടെത്തി നികുതി നിർണയം നടത്തേണ്ടതുമാണ്.

1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകങ്ങൾ.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും മുനിസിപ്പാലിറ്റി പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ നികുതി (എംപ്ലോയീസ്) ഡിമാന്റ് രജിസ്റ്ററുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. 2022-23 വർഷം ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. മേൽ സ്ഥാപനങ്ങളിലെ സ്ഥാപന മേധാവിക്ക് നൽകിയ ഡിമാൻഡ് നോട്ടീസും സ്ഥാപന മേധാവി സമർപ്പിച്ച റിട്ടേണുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി (എംപ്ലോയീസ്) ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ പേര്/വാർഡ്, ആകെ ഈടാക്കിയ തുക/രശീതി നമ്പർ, ജീവനക്കാരുടെ പേരു വിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ (ട്രേഡേഴ്സ്) പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലുള്ള വ്യാപാരികളുടെ പേര്, കെട്ടിട നമ്പർ, ഡിമാന്റ് ചെയ്ത നികുതി, അർദ്ധ വാർഷിക വരുമാനം എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ ചേർത്തിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ 2 രജിസ്റ്ററുകളിലായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ആയതിനാൽ 2022-23 വർഷം നികുതി ഡിമാന്റ് ചെയ്ത മുഴുവൻ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തൻ വർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് നൽകിയ ഡിമാൻഡ് നോട്ടീസും സമർപ്പിച്ച റിട്ടേണുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വർഷം തിരിച്ചുള്ള തൊഴിൽ നികുതി കുടിശ്ശിക, കളക്ഷൻ എന്നിവ പരിശോധിക്കുന്നതിനാധാരമായ രേഖകൾ/ഫയൽ ലഭ്യമാക്കിയിട്ടില്ല.

4. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും പരമാവധി ₹1250 അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6. 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തികവർഷം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

7. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

8. ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതും വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. തൊഴിൽ നികുതി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.അപ്രകാരം ചെയ്യാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9. സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ മുനിസിപ്പാലിറ്റി പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും ശരിയായ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിലും തൊഴിൽ നികുതി ചുമത്തുന്നതിലും രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിലും റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച നടന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ സംബന്ധിച്ച് രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1-15 ഭേദഗതി ഉത്തരവിനുശേഷമുള്ള എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിശോധിക്കപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 ത.സ്വ.ഭ.വ തീ.30-10-2020 പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 നിലവിൽ വന്നിട്ടുണ്ട്. മേൽ ചട്ടം പ്രകാരം വിവിധ വ്യവസായങ്ങൾ ഫാക്ടറികൾ വ്യാപാരങ്ങൾ സംരംഭക പ്രവർത്തനങ്ങൾ മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ പാനൂർ നഗരസഭയിൽ ലൈസൻസ് പുതുക്കാൻ സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന തുകയാണ് മൂലധന നിക്ഷേപമായി എടുക്കുന്നത്. ഇത് സംബന്ധിച്ച് 2/6.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ലൈസൻസികൾ ഹാജരാക്കുന്ന സത്യവാങ്മൂലം അടിസ്ഥാനമാക്കി ഫീസ് അടവാക്കുന്നതെന്നാണ് അറിയിച്ചത്. വലിയ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് ഇപ്രകാരം അപേക്ഷകൻ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപം ആധാരമാക്കി ലൈസൻസ് ഫീ കണക്കാക്കുന്നത് വരുമാന ചോർച്ചയ്ക്ക് കാരണമാകും. ഫീൽഡ് പരിശോധന നടത്തി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്.

1-16 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ്, പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകങ്ങൾ

മുനിസിപ്പാലിറ്റിയിലെ പാനൂർ ബസ് സ്റ്റാൻഡിനോട് ചേർന്ന ഷോപ്പിംഗ് കോംപ്ലക്സ്, നഗരസഭയുടെ മാർക്കറ്റിനോട് ചേർന്ന റൂമുകൾ, മുനിസിപ്പാലിറ്റിയിലെ പെരിങ്ങത്തൂർ ടൗണിലുള്ള റൂമുകൾ എന്നിവ 2022-23 വർഷം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567 പ്രകാരം നഗരസഭ കൗൺസിൽ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ച ബൈലോ.

2. മുറികൾ വാടകയ്ക്ക് നൽകുന്നതിന് വാടകക്കാരനുമായി നഗരസഭ സെക്രട്ടറി ചമച്ച കാലികവും നിയമ പ്രാബല്യമുള്ളതുമായ കരാർ.

3. മുറി ലഭിക്കുന്ന ആൾക്ക് എത്ര വർഷത്തിന് ശേഷം ഏത് നിരക്കിലാണ് പ്രതിമാസ വാടക അധികം നിശ്ചയിച്ച് വാടക പുനഃപരിശോധിക്കുന്നത് എന്നതിന്റെ വിവരങ്ങൾ.

4. 2022-23 വർഷം ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം.

ഇത് സംബന്ധിച്ച് 46/18.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ ആയത് ലേലം ചെയ്ത് വാടകയ്ക്ക് നൽകേണ്ടതാണ്. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരനുമായി മുനിസിപ്പാലിറ്റി കരാർ ചമയ്ക്കേണ്ടതാണ്.

1-17 ലേലം വരവ് - അപാകങ്ങൾ

ഓരോ ലേല ഇനത്തിലും ലേലംകൊണ്ട വ്യക്തിയുടെ വിശദാംശങ്ങളും ലേലം കൊണ്ട തുകയുടെ വിശദാംശങ്ങളും പിരിഞ്ഞു കിട്ടിയ തുക സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിനായി 3/06.01.2024 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ ചേർത്ത മറുപടിയാണ് ലഭ്യമാക്കിയത്.

ക്രമ നമ്പർ	ലേല വിവരങ്ങൾ	ലേലം കുത്തക എടുത്ത വ്യക്തി	ലേലതുക	മറുപടി
1	പാനൂർ മത്സ്യമാർക്കറ്റ്	ലേലം നടന്നിട്ടില്ല.	-	കെട്ടിടം അപകടാവസ്ഥ യിലായതിനാൽ 2022-23 വർഷം ലേലം ചെയ്തില്ല. പൊളിച്ച് മാറ്റുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.
2	കരിയാട് മത്സ്യ മാർക്കറ്റ്	ലേലം നടന്നിട്ടില്ല.	-	അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
3	പെരിങ്ങത്തൂർ പബ്ലിക്ക് ടോയ് ലറ്റ്	ലേലം നടന്നിട്ടില്ല.	-	കെട്ടിടം അപകടാവസ്ഥയിൽ ആയിരുന്നതിനാൽ ലേലം കൊള്ളുന്നതിന് ആരും തന്നെ തയ്യാറാകാത്തതിനാൽ, അറ്റകുറ്റപ്പണികൾ നടത്തിയതിന് ശേഷം മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടത്തുന്നു.
4	കശുവണ്ടി ലേലം അവിയാട് കുന്ന് പിരിവ് കുത്തകാവകാശം	ലേലം കൊള്ളാൻ ആരും തയ്യാറായില്ല.	-	ലേലം, പുനർ ലേലം ചെയ്തെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ല.

പാനൂർ മത്സ്യമാർക്കറ്റ്, കരിയാട് മത്സ്യ മാർക്കറ്റ്, എന്നിവിടങ്ങളിലെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി ലേലം ചെയ്ത് നഗരസഭയ്ക്ക് തനത് വരുമാനം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പെരിങ്ങത്തൂർ പബ്ലിക്ക് ടോയ്‌ലറ്റ് ലേലനടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും കെട്ടിടം അപകടാവസ്ഥയിൽ ആയിരുന്നതിനാൽ ലേലം കൊള്ളുന്നതിന് ആരും തന്നെ തയ്യാറാകാത്തതിനാൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടത്തുന്നു. പ്രസ്തുത മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പാനൂർ മത്സ്യമാർക്കറ്റ്, കരിയാട് മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിലെ ലേലം കൊണ്ട ആളുകൾ മുറികൾ ഒഴിയുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും മുറികൾ കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ സാധിക്കാത്ത മോശം അവസ്ഥയിലാണെന്നും പൊളിച്ചുമാറ്റുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ പരിശോധന നടത്തി ഫിറ്റ്നസ് ഉൾപ്പടെയുള്ള പരിശോധനാറിപ്പോർട്ട് നൽകുന്നതിനായി എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുകയോ പരിശോധനാറിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. ഫിറ്റ്നസ് പരിശോധന നടത്താതെ കെട്ടിടം പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനമേധാവിയാണ്. പ്രസ്തുത വിഷയത്തിൽ നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കാത്തപക്ഷം കെട്ടിടത്തിന്റെ ബലക്ഷയം മൂലം സംഭവിക്കുന്ന നഷ്ടങ്ങൾക്ക് നഗരസഭ അധികാരികൾ ഉത്തരവാദികളാകുന്നതാണ്. കൂടാതെ തനത് വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുകയോ സർക്കാർ അനുമതി തേടി പൊളിച്ചു മാറ്റി പുതിയ നിർമ്മാണ പ്രവൃത്തികൾ നടത്തി പ്രവർത്തന സജ്ജമാക്കുകയോ ചെയ്യാത്തത് അധികാരികളുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

1-18 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന പ്രകാരം ആകെ ₹89077549 പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ചില ഇനങ്ങളിൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് കാണുന്നു.

ക്രമ നമ്പർ	നികുതി ഇനം	31-3-2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക	
		തൻവർഷം ₹	അരിയർ ₹
1	വസ്തുനികുതി	7865985	17035698
2	തൊഴിൽനികുതി ട്രേഡേഴ്സ് / ഇൻസ്റ്റിറ്റ്യൂഷൻ	-2243715	-272110
3	വാടക (From Civic Amenities)	-1247134	-277320
4	ലൈസൻസ് ഫീ	2621828	856359
6	സർചാർജ്ജ് (Property Tax)	9490	-229
7	വാടക (റിസീവബിൾസ് ഫ്രം ലീസ് ഓഫ് ലാൻഡ്)	-82466	-36734
8	സർവീസ് സെസ്	-1194640	-1697651

B-15 ഷെഡ്യൂളിൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ നെഗറ്റീവ് ബാലൻസ് കാണിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്, കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി മുനിസിപ്പാലിറ്റി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് 17/11.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുത്ത് മുനിസിപ്പാലിറ്റിയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 തനത് വരുമാനം - പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. പാനൂർ മുനിസിപ്പാലിറ്റിയിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

ഓഡിറ്റ് കാലയളവിൽ പാനൂർ മുനിസിപ്പാലിറ്റിയിൽ കെ സ്മാർട്ട് ഇംപ്ലിമെന്റേഷൻ നടന്നു വന്നിരുന്നതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി സോഫ്റ്റ്വെയറായ സഞ്ചയ പോർട്ടൽ ലഭ്യമായിരുന്നില്ല. അതിനാൽ സഞ്ചയ മുഖേന ലഭ്യമായിരുന്ന വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മുതലായവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഇക്കാരണത്താൽ ഈ ഇനങ്ങളിലുള്ള വിശദമായ പരിശോധന സാധ്യമായിട്ടില്ല.

മുനിസിപ്പാലിറ്റിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടില്ല. പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല.

I. വസ്തുനികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23, എസ്.ആർ.ഒ.നം.480/2023 തീയ്യതി 05.04.2023 എന്നിവ പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പാനൂർ മുനിസിപ്പാലിറ്റിയിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് 30.09.2023 തീയതിയിലെ 22/1 നമ്പർ മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തുനികുതി

ഈടാക്കുന്നത്.

II. തൊഴിൽനികുതി.

സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, മുനിസിപ്പാലിറ്റിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, മുനിസിപ്പൽ പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിൽ പരിപാലിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ അപൂർണമാണ്. സ്ഥാപനങ്ങളുടെ പേര്, ജീവനക്കാരുടെ ആകെ തൊഴിൽ നികുതി എന്നിവ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേര്, തസ്തിക, അർദ്ധവാർഷിക വരുമാനം, ഒടുക്കു വരുത്തിയ രശീത് നമ്പറുകൾ, ഒടുക്കിയ തൊഴിൽ നികുതി മുതലായ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെയും റിട്ടേണുകളുടെയും ഡാറ്റാ ബേസിന്റെയും അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. കൂടാതെ മുനിസിപ്പാലിറ്റിയിൽ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

III. അനധികൃത നിർമ്മാണം

മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം എത്രയാണെന്നുള്ള കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

IV. FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി

നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. മുനിസിപ്പാലിറ്റി പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE & OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 86/22 തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതും അതോടൊപ്പം തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 അലോട്ട്മെന്റ് തുക യഥാസമയം ബാങ്കിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. നഗരസഭക്ക് 1.06 കോടി രൂപ നഷ്ടമായി.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, നോൺ മില്യൺ പ്ലസ് സിറ്റീസിന് അനുവദിച്ച അലോട്ട്മെന്റ് തുക യഥാസമയം ബാങ്കിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതിരുന്നതിനാൽ ₹10638500 യുടെ നഷ്ടമുണ്ടായി. 2022-23 വർഷം സർക്കാർ ഉത്തരവ് ജി. ഒ. (ആർ. ടി.) നമ്പർ 938 /2023 ഫിൻ തീയതി 08-02-2023 പ്രകാരം പാനൂർ മുനിസിപ്പാലിറ്റിക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നോൺ മില്യൺ പ്ലസ് സിറ്റീസിന് ഫിനാൻസ് കമ്മീഷൻ അവാർഡ് ഇനത്തിൽ ഒന്നാം ഗഡുവായി ₹10638500 യാണ് അനുവദിച്ചത്. മേൽ ഉത്തരവിലെ ഖണ്ഡിക 5 (D) പ്രകാരം മേൽ സർക്കാർ ഉത്തരവ് ഒരു അലോട്ട്മെന്റ് ലെറ്ററായി കണക്കാക്കണമെന്നും ഖണ്ഡിക 5(f) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫിനാൻസ് കമ്മീഷൻ അവാർഡായി അനുവദിച്ച തുക 10-02-2023 നോ അതിനു മുമ്പോ മുനിസിപ്പാലിറ്റിയുടെ PFMS നു വേണ്ടി തുറന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്നും നിർദേശിച്ചിരുന്നു. സർക്കാർ ഓർഡർ തീയതി (08-02-2023) മുതൽ 2 ദിവസത്തിനുള്ളിൽ മേൽപ്പറഞ്ഞ തുക PFMS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ മുനിസിപ്പാലിറ്റിക്ക് കഴിഞ്ഞില്ല എന്ന് മാത്രമല്ല മേൽ തുക നാളിതുവരെ (ഓഡിറ്റ് തീയതി വരെ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികളും മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടില്ല. നിർദിഷ്ട സമയപരിധിക്കുള്ളിലും, സാമ്പത്തിക വർഷത്തിലും തുക യഥാവിധി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ കഴിയാതെ പോയതു കാരണം തുക ലാപ്സായത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫിനാൻസ് കമ്മീഷൻ അവാർഡ് തുക സൂക്ഷിക്കുന്നതിനായി മുനിസിപ്പാലിറ്റി കേരള ഗ്രാമീൺ ബാങ്ക് പാനൂർ ബ്രാഞ്ചിൽ ആരംഭിച്ച 40602111000201 നമ്പർ PFMS അക്കൗണ്ടിൽ 2022-23 വർഷാരംഭം ₹28206141 യുടെ മുന്നിരിപ്പും ₹20849592 യുടെ നീക്കിയിരിപ്പും ഉണ്ട്. മേൽ PFMS അക്കൗണ്ട് മുഖാന്തിരം തൻവർഷം ചെലവായ തുക ₹14448765യാണ്. 2023-24 വർഷം സർക്കാർ ഉത്തരവ് ജി.ഒ. (ആർ. ടി) നമ്പർ 3027/2023/ ഫിൻ തീയതി 13-04-2023 പ്രകാരം പാനൂർ നഗരസഭക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നോൺ മില്യൺ പ്ലസ് സിറ്റീസിന് ഫിനാൻസ് കമ്മീഷൻ അവാർഡ് ഇനത്തിൽ രണ്ടാം ഗഡുവായി തുക ₹10638500 അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ 2022-23 വർഷം ലാപ്സായ തുക ₹10638500 യെ സംബന്ധിച്ച പരാമർശമില്ല. ആയതിനാൽ ഫലത്തിൽ നഗരസഭയ്ക്ക് നഷ്ടമായ തുക സർക്കാരിൽ നിന്നും തിരികെ ലഭിക്കുവാൻ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. തുക യഥാസമയം PFMS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ

ക്രെഡിറ്റ് ചെയ്യുവാൻ കഴിയാതെ പോയതിന്റെ കാരണം, വീഴ്ച വരുത്തിയ സെക്രട്ടറിയുടെ വിശദീകരണം, കൗൺസിൽ തീരുമാനം സഹിതം സർക്കാരിനെ ബോധ്യപ്പെടുത്തേണ്ടതും ആയതിനായി സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. ഭരണസമിതിയുടെ സത്വരവും അടിയന്തിരവുമായ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഈ വിഷയത്തിലുള്ള തുടർനടപടി വിവരവും യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1- 21 ധനകാര്യ കമ്മീഷൻ ഗ്രാന്റ് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

പാനൂർ മുൻസിപ്പാലിറ്റിയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് പാനൂർ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച 40602111000201 നമ്പർ PFMS അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ പലിശ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ പ്രസ്തുത അക്കൗണ്ട് പലിശരഹിത അക്കൗണ്ടാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 2022-23 വർഷാരംഭം ₹28206141 യുടെ മുന്നിരിപ്പും ₹20849592 യുടെ നീക്കിയിരിപ്പും ഉണ്ട്. ഇപ്രകാരം തുക കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിലൂടെ മുനിസിപ്പാലിറ്റിക്ക് പലിശ ഇനത്തിൽ വൻ തുക നഷ്ടം ഉണ്ടാകുന്നുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത അപാകം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾക്കായി തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

1-22 വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹15,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നമ്പർ / പേര്	165/23, വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നല്കൽ
അടങ്കൽ	₹15,00,000 വികസന ഫണ്ട് - പൊതു വിഭാഗം
ചെലവ്	₹15,00,000 ബിൽ നമ്പർ : 95/31-8-2022

വയോമിത്രം പദ്ധതിയുടെ 2022-23 വർഷത്തെ നഗരസഭാ വിഹിതമായി ₹15,00,000 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 701011400000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വയോമിത്രം പദ്ധതിയുടെ ഭാഗമായി മുനിസിപ്പാലിറ്റിയിൽ 2022-23 സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റി മോണിറ്റർ ചെയ്യാറുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് 24/15-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹15,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ഉപകരണ വിതരണം - പി.എച്ച്.സി മേക്കുന്ന് -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹474503 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രോജക്റ്റ് നമ്പർ / പേര്	118/23 ഉപകരണ വിതരണം - പിഎച്ച് സി മേക്കുന്ന്
അടങ്കൽ	₹500000 തനത് ഫണ്ട്
ചെലവ്	₹26080 ബിൽ നമ്പർ : 224/6-2-2023 ₹97350 ബിൽ നമ്പർ : 223/6-2-2023 ₹10550 ബിൽ നമ്പർ : 235/14-2-2023 ₹15930 ബിൽ നമ്പർ : 236/14-2-2023 ₹17091 ബിൽ നമ്പർ : 237/14-2-2023 ₹74104 ബിൽ നമ്പർ : 238/14-2-2023 ₹6948 ബിൽ നമ്പർ : 239/14-2-2023 ₹98700 ബിൽ നമ്പർ : 246/17-2-2023 ₹111510 ബിൽ നമ്പർ : 374/14-3-2023 ₹16240 ബിൽ നമ്പർ : 395/16-3-2023 ആകെ : ₹474503

പി.എച്ച്.സി മേക്കുന്നിന് ഉപകരണ വിതരണം എന്ന മേൽ പ്രോജക്റ്റ് പ്രകാരം പി.എച്ച്.സി മേക്കുന്നിനാവശ്യമായ വിവിധ ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിച്ചും KMSCLന് റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപന ങ്ങളിൽ നിന്നും നേരിട്ടും

വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ബിൽ നമ്പർ 224/6-2-2023, ബിൽ നമ്പർ 223/6-2-2023, ബിൽ നമ്പർ 246/17-2-2023 എന്നിവ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും മേക്കുന്ന് പി.എച്ച്.സിക്ക് നൽകിയതിന്റെയും രേഖകളും ക്വട്ടേഷൻ അംഗീകരിച്ചതിന്റെ ഭരണസമിതി തീരുമാനവും പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. ബിൽ നമ്പർ 236/14-2-2023 പ്രകാരം വാങ്ങിയ ₹15930 യുടെ ഫയർ അലാറം 3 എണ്ണം, ബിൽ നമ്പർ 235/14-2-2023 പ്രകാരം വാങ്ങിയ 4 Kg ABC ഫയർ എക്സ്റ്റിൻഗ്യൂഷർ 5 എണ്ണം, ബിൽ നമ്പർ 374/14-3-2023 പ്രകാരം വാങ്ങിയ ₹111510 യുടെ വെർട്ടിക്കൽ ഓട്ടോക്ലേവ് സ്റ്റീം ജാക്കറ്റഡ് ലാർജ് എന്നിവ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

3 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ, പ്രൊക്വയർമെന്റ് മാന്വൽ പ്രകാരം മതിപ്പ് വില ₹25000 യ്ക്ക് മുകളിലും ₹100000 വരെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്നും കുറഞ്ഞത് അഞ്ച് ടെണ്ടറുകളെങ്കിലും ലഭ്യമായിരിക്കണം എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ക്വട്ടേഷൻ നടപടികളിലൂടെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് 19/12-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ഉപകരണങ്ങൾ മേക്കുന്ന് പിഎച്ച് സി ക്ക് കൈമാറിയതിന്റെ വിവരം, ഫയർ അലാറം, ഫയർ എക്സ്റ്റിൻഗ്യൂഷർ, വെർട്ടിക്കൽ ഓട്ടോക്ലേവ് സ്റ്റീം ജാക്കറ്റഡ് ലാർജ് എന്നിവ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹474503 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.അറിവില്ലായ്മ കൊണ്ടാണ് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നത് എന്നും ഭരണസമിതി പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം വാങ്ങാതിരുന്നത് എന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 എസ്.സി വീട് റിപ്പയർ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹409225 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	122/23, എസ്.സി വീട് റിപ്പയർ
അടങ്കൽ	₹228825 വികസന ഫണ്ട് - എസ്.എസ്.പി ₹221175 തനത് ഫണ്ട് ആകെ : ₹450000
ചെലവ്	₹140020 ബിൽ നമ്പർ : 485/28.03.2023 വികസന ഫണ്ട് ₹88805 ബിൽ നമ്പർ : 528/28.03.2023 വികസന ഫണ്ട് ₹46800 ബിൽ നമ്പർ : 529/28.03.2023 തനത് ഫണ്ട് ₹133600 ബിൽ നമ്പർ : 537/29.03.2023 തനത് ഫണ്ട് ആകെ : ₹409225

മേൽ പ്രോജക്ട് പ്രകാരം ലക്ഷ്മി. വി. പി, കല്ല്യാണി, മോഹനൻ എന്നി മൂന്ന് ഗുണഭോക്താക്കൾക്കാണ് ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്കായി ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022തീയതി 28.05.2022 ലെ ഖണ്ഡിക 6.7.4 പ്രകാരം പുതിയവീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. മേൽ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. ഗുണഭോക്താക്കളായ ലക്ഷ്മി. വി. പി, കല്ല്യാണി എന്നിവർ യഥാക്രമം ₹122376 യുടെയും ₹106681 യുടെയും എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്കായി യഥാക്രമം ₹140030 യുടെയും ₹133600 യുടെയും പ്രവൃത്തികൾ നടന്നു എന്നാണ് എഞ്ചിനീയർ നൽകിയ വാല്വേഷൻ പ്രകാരമുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളാണ് ചെയ്തതെന്ന് വ്യക്തമാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ഉള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റിൽ അധികരിച്ച് വാല്വേഷൻ വരുന്നതിനാൽ ചെയ്ത മുഴവൻ പ്രവൃത്തികളുടെയും

ഇനം തിരിച്ച വിവരം ലഭ്യമാക്കുന്ന വാല്യേഷൻ ലഭ്യമാക്കേണ്ടതാണ്.

4. കല്ല്യാണി എന്നവർക്ക് ധനസഹായം അനുവദിച്ച ട്രഷറി ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 37/17-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹409225 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 ഐ കെ എം വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ / പേര്	93/23, ഐ. കെ. എം വിഹിതം
അടങ്കൽ	₹150000 വികസനഫണ്ട് – പൊതുവിഭാഗം
ചെലവ്	₹150000 ബിൽ നമ്പർ : 94/29-8-2022

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹150000 ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 11/11-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-26 കണ്ണൂർ ഫൈറ്റ് കാൻസർ, കാൻസർ നിയന്ത്രണ പദ്ധതി - ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരം ലഭ്യമല്ല ₹112000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി
പ്രൊജക്ട് നമ്പർ / പേര്	92/23 കണ്ണൂർ ഫൈറ്റ് കാൻസർ, കാൻസർ നിയന്ത്രണ പദ്ധതി
അടങ്കൽ	₹112000 വികസനഫണ്ട് – പൊതുവിഭാഗം
ചെലവ്	₹112000 ബിൽ നമ്പർ : 58/9-2-2023

കണ്ണൂർ ഫൈറ്റ് ക്യാൻസർ, ക്യാൻസർ നിയന്ത്രണ പദ്ധതി ക്യാൻസർ ബോധവൽക്കരണത്തിനായി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ വിതരണം ചെയ്യാൻ 14000 കൈപ്പുസ്തകം പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിനാൽ ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ഒരു പുസ്തകത്തിന് 7/- രൂപ നിരക്കിൽ പ്രിന്റ് ചെയ്യാൻ ക്വാട്ട് ചെയ്ത് പ്രിന്റോ ഓഫ്സെറ്റ് പ്രസ്, പാനൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 16-9-2022 ന് പ്രിന്റ് ചെയ്യാൻ ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ 14000 ബുക്ക് ലെറ്റുകൾ 10-10-2022 ന് സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. 14000 ബുക്ക് ലെറ്റുകൾ DDMS ൽ സ്റ്റോക്ക് എൻട്രി നടത്തിയതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ക്വട്ടേഷൻ അംഗീകരിച്ച ഭരണ സമിതി തീരുമാനം, പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. 14000 ബുക്ക് ലെറ്റുകളിൽ 4500 എണ്ണം PHC മേക്കുന്ന്, 5500 എണ്ണം PHC പെരിങ്ങളം എന്നിസ്ഥലങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബുക്ക്ലെറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. CHC പാനൂർ വഴി 4000 ബുക്ക്ലെറ്റുകൾ വിതരണം ചെയ്തതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. 2000 ബുക്ക് ലെറ്റുകൾ കൂടി ഹെൽത്ത് ഇൻസ്പെക്ടറുടെ അപേക്ഷ പ്രകാരം 7 രൂപ നിരക്കിൽ പ്രിന്റ് ചെയ്യുന്നതിന് പ്രിന്റോ ഓഫ്സെറ്റ് പ്രസ്സിന് 4-1-2023 ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ബുക്ക് ലെറ്റുകൾ സ്റ്റോക്കിലെടുത്തിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് 16/11-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബുക്ക്ലെറ്റുകൾ സ്റ്റോക്കിലെടുത്തിന്റെ വിവരം ലഭ്യമാക്കിയെങ്കിലും ബുക്ക്ലെറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ₹112000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ ലക്ഷ്യം

കൈവരിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 ദുരന്ത നിവാരണ വളണ്ടിയർമാർക്ക് ID കാർഡ്, യൂണിഫോം - വിതരണ വിവിരം ലഭ്യമല്ല ₹39672 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	163/23, ദുരന്ത നിവാരണ വളണ്ടിയർമാർക്ക് ID കാർഡ്, യൂണിഫോം
അടങ്കൽ	₹150,000 വികസന ഫണ്ട്
ചെലവ്	₹82080 ബിൽ നമ്പർ : 537/28-3-2023

ദുരന്ത നിവാരണ വളണ്ടിയർമാർക്ക് ID കാർഡ്, യൂണിഫോം എന്ന പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ച് ലഭ്യമായ രണ്ട് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കാപ്പിറ്റൽ വൺ ട്രേഡിംഗം കമ്പനിയിൽ നിന്നും 120 ഐ ഡി കാർഡ്, 120 സേഫ്റ്റി ജാക്കറ്റ് എന്നിവ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.
1. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
2. ഫയലിൽ ദുരന്ത നിവാരണ വളണ്ടിയർമാരുടെ ആകെ എണ്ണം കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. സ്റ്റേറ്റ്മെന്റിൽ 58 വളണ്ടിയർമാർക്കും 10 കൗൺസിലർമാർക്കും ഉൾപ്പെടെ ആകെ 68 പേർക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. 52 ഐ ഡി കാർഡ്, സേഫ്റ്റി ജാക്കറ്റ് എന്നിവ വിതരണം ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് 28/15-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വളണ്ടിയർമാർക്ക് വേണ്ടി നടത്തിയ പരിശീലനത്തിൽ പങ്കെടുത്ത 68 പേർക്കാണ് ID കാർഡ്, യൂണിഫോം എന്നിവ വിതരണം ചെയ്തതെന്നും ബാക്കിയുള്ളവ രണ്ടാം ഘട്ട പരിശീലനത്തിൽ നൽകുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകുകയും അതോടൊപ്പം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 52 ഐഡി കാർഡ് ജാക്കറ്റ് എന്നിവ വിതരണം ചെയ്യാത്തതിനാൽ ₹39672ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാങ്ങിയ മുഴുവൻ ID കാർഡ്, യൂണിഫോം എന്നിവ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹329171 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	120/23 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം
അടങ്കൽ	₹329175 വികസന ഫണ്ട് - എസ്.സി.പി
ചെലവ്	₹329171 ബിൽ നമ്പർ : 241 /19-3-2023

മേൽ പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ജെം പോർട്ടലിൽ വഴി SERVITE SYSTEMS എന്ന കമ്പനിയിൽ നിന്ന് ഒരു ലാപ്ടോപ്പിന് ₹36574.5 (ജി.എസ്.ടി ഉൾപ്പെടെ) നിരക്കിൽ 9 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. വാങ്ങിയ 9 ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 22 പേർ ഉണ്ടെങ്കിലും ആയതിൽ അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയ 9 പേർക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. ഗുണഭോക്താവായ ശ്രീ. നിവേദ്. എൻ. കെ. എന്ന വിദ്യാർത്ഥി കേരള സ്കൂൾ ഓഫ് ആർട്സിൽ KGCE ഫൈൻ ആർട്സ് & അനിമേഷൻ ദ്വിവത്സര കോഴ്സിലെ രണ്ടാം വർഷ വിദ്യാർത്ഥിയാണ്. പതിനാലാം പദ്ധതി സബ്സിഡി

മാർഗ്ഗരേഖ സ.ഉ.(കൈ)നം.86/22/തസ്വഭവ.തീയതി 19.04.22 ഖ. 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിങ്ങ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ്, എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയത് ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെന്ന് വ്യക്തമാക്കേണ്ടതാണ്. ടി വിദ്യാർത്ഥിയുടെ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റിൽ 2020-21 വർഷം പ്രസ്തുത സ്ഥാപനത്തിൽ ചേർന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. ദ്വിവത്സര കോഴ്സിൽ ടിയാൻ 2022-23 വർഷം പഠനം നടത്തുന്നതെങ്ങിനെ എന്ന് വ്യക്തമല്ല.

മേൽ അപാകത സംബന്ധിച്ച് 34/17-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹329171 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഉത്തരവിന് വിരുദ്ധമായി ഓണറേറിയം നല്കിയത് - ₹90955യുടെ ചെലവ് അംഗീകരിക്കുന്നില്ല

ഫയൽ നമ്പർ G1-7790/18 4

എസ് ജി എസ് ആർ വൈ പദ്ധതി 2013 മാർച്ച് മാസം നിർത്തലാക്കിയ സാഹചര്യത്തിൽ സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കുകയില്ലെന്ന് കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13-04-2016 തീയതിയിലെ 316/എഫ്/2016/കെ.എസ്.എച്ച്.ഒ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പാനൂർ നഗരസഭയിലെ സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ മജീദ്. വി. കെ. എന്നവർക്ക് നഗരസഭ ഫണ്ടിൽ നിന്ന് സ്പെഷൽ പേ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ചെക്ക് നമ്പർ/തീയതി	തുക ₹	ഓണറേറിയം അനുവദിച്ച കാലയളവ്
025153 Dt. 24-11-22	90955	02/2021 മുതൽ 10/2022 വരെ

കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ മേൽസൂചിപ്പിച്ച പ്രകാരം ഓണറേറിയം അനുവദിച്ചത് സംബന്ധിച്ച് 54/19-01-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ ഹോണറേറിയം നൽകിയ ₹90955യുടെ ചെലവ് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായവരിൽ നിന്നും തിരിച്ചീടാക്കേണ്ടതാണ് (ഖണ്ഡിക 3-1 കാണുക).

1-30 സോയിൽ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പാനൂർ മുനിസിപ്പാലിറ്റി കെട്ടിടത്തിന്റെ DPR തയ്യാറാക്കുന്നതിന് സോയിൽ ടെസ്റ്റ് നടത്തുന്നതിനായി ചെക്ക് നമ്പർ 5560849/25-5-2022 പ്രകാരം ₹50000 മാനേജർ സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എജ്യൂക്കേഷൻ, ഗവ. എഞ്ചിനീയറിങ്ങ് കോളേജിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതി, സോയിൽ ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് ഏത് ഗവ. എഞ്ചിനീയറിങ്ങ് കോളേജിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയത് എന്നുള്ള വിവരം മുതലായവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 52/18-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-31 ക്ഷീര കർഷകരിൽ നിന്നും പാൽ ശേഖരിച്ചു വിൽപന - ഇരുചക്ര വാഹനം വാങ്ങൽ-₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.₹15000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	148/23 ക്ഷീര കർഷകരിൽ നിന്നും പാൽ ശേഖരിച്ചു വിൽപ്പന ഇരുചക്ര വാഹനം വാങ്ങൽ

അടങ്കൽ	₹150000 വികസന ഫണ്ട് ജനറൽ
ചെലവ്	₹65000 ബിൽ നമ്പർ : 22220747004901546202/28-03-2023

മേൽ പ്രകാരം അനീഷ പി പി, പുളിക്കൽ, മീത്തൽ പെരിങ്ങത്തൂർ എന്ന ഗുണഭോക്താവിന് ധനസഹായമായി ബിൽ നമ്പർ 22220747004901546202/28-03-2023 പ്രകാരം അനുവദിച്ച ₹65000 ടിയാരിയുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ KLGB0040428/40428101058475). പ്രിൻസ് മോട്ടോറൈഡ് തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നുമാണ് TVS JUPITER 125 CC എന്ന സ്കൂട്ടർ വാങ്ങിയിട്ടുള്ളത്. ഇതിനു പുറമെ 40 ലിറ്റർ കാപ്പാസിറ്റിയുള്ള മിൽക്ക് ക്യാനും ₹15232 ന്റ് ടിയാരി വാങ്ങിയതായി വൗച്ചർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇരുചക്ര വാഹനം വാങ്ങിയതിന്റെ ജി.എസ്.ടി. ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 10 പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന അർഹത മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.
2. തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം.
3. നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.
4. ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണം.
5. പ്രവാസികൾക്ക് മുൻഗണന നൽകണം.
6. ഇലക്ട്രിക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം.
7. ഇലക്ട്രിക് ഇരുചക്ര വാഹനത്തിന് പരമാവധി ₹5,000 വരെ പ്രോത്സാഹന സബ്സിഡിയായി അധികം നൽകാവുന്നതാണ്.
8. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.

എന്നാൽ പാനൂർ മുനിസിപ്പാലിറ്റി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ പദ്ധതി നിർവഹണം സംബന്ധിച്ചുള്ള മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ഫയലിൽ ലഭ്യമല്ല. സംരംഭത്തിന്റെ ആകെ സാമ്പത്തിക വിശകലനം ലഭ്യമല്ലാത്തതിനാൽ അർഹമായ നിരക്കിൽ തന്നെയാണോ 50 % സബ്സിഡി നൽകിയത് എന്ന് വിലയിരുത്തുവാനായിട്ടില്ല.
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന അർഹത മാനദണ്ഡം ഖണ്ഡിക 10 പ്രകാരം ഗുണഭോക്താവിന് അർഹമായ ധനസഹായത്തിന്റെ ഉയർന്ന പരിധി സ്കൂട്ടർ വിലയുടെ 50% അല്ലെങ്കിൽ പരമാവധി ₹50000 യാണ്. എന്നാൽ ശ്രീമതി അനീഷ പി പി, പുളിക്കൽ മീത്തൽ, പെരിങ്ങത്തൂർ എന്ന ഗുണഭോക്താവിന് ധനസഹായമായി അനുവദിച്ച തുക ₹65000 യാണ്. അർഹമായതിലും അധികം ധനസഹായം ₹15000 അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.
3. ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് നമ്പർ, വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ഇൻഷുറൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
4. ഗുണഭോക്താവ് സംരംഭം ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സംരംഭം, ബാങ്ക് ലോൺ, ബാങ്ക് പാസ്ബുക്ക്, വരുമാനം എന്നിവ സംബന്ധിച്ചും സംരംഭത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും വിവരം ലഭ്യമല്ല.
5. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ് എന്നിരിക്കെ ടിയാരി സ്കൂട്ടർ വാങ്ങിച്ച പ്രിൻസ് മോട്ടോറൈഡ് തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നുമുള്ള GST ഇൻവോയ്സ് ലഭ്യമല്ല. ഫയലിൽ ലഭ്യമായ പ്രൊഫോർമ ഇൻവോയ്സ് (536/17-03-2023) പ്രകാരം വാഹനത്തിന്റെ വില ₹116520 യാണ്. ഇതിൽ വാഹനത്തിന്റെ വില ₹95415 യും GST ₹12809 യുമാണ് കാണിച്ചിട്ടുള്ളത്.

മേൽ അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം, പ്രോജക്ടിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), മറ്റു അർഹത മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കുന്നതിന് 50/18-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച രേഖകളുടെ അഭാവത്തിലും വിശദമായ മറുപടിയുടെ അഭാവത്തിലും ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ ചെലവ് രേഖകൾ, വിശദമായ മറുപടി എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. സബ്സിഡിയായി സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം നൽകിയ ₹15000 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹15000 ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ് ഖണ്ഡിക (3-2 കൂടി കാണുക).

1-32 എസ് സി വിഭാഗത്തിൽ പെട്ട ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം രേഖകൾ ലഭ്യമല്ല ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	
പ്രോജക്ട് നമ്പർ / പേര്	21/23 എസ്.സി വിഭാഗത്തിൽ പെട്ട ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം – സ്പിൽ ഓവർ	
അടങ്കൽ	₹42195	വികസന ഫണ്ട് – എസ്.സി.പി
ചെലവ്	₹ 10000 ₹10000 ₹10000 ആകെ : ₹30000	ബിൽ നമ്പർ : 11/17-5-2022 ബിൽ നമ്പർ : 75/19-8-2022 ബിൽ നമ്പർ : 545/29-3-2023

മേൽ ബില്ലുകൾ പ്രകാരം എസ്.സി വിഭാഗത്തിൽ ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി യൂറോപ്യൻ ക്ലോസറ്റ് സ്ഥാപിക്കുന്നതിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് ₹10000 വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചത് എന്നതിന്റെ വിവരം വ്യക്തമല്ല. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്.സി വിഭാഗത്തിൽ ശാരീരിക അവശത അനുഭവിക്കുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് വിതരണം ചെയ്യുന്നതിന് ആധാരമായ സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ യൂറോപ്യൻ ക്ലോസറ്റിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് പരാമർശിച്ചിട്ടില്ലാത്തതിനാൽ മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശത്തിനനുസരിച്ച് ₹10000 യോ ബിൽ തുകയോ ഏതാണ് കുറവ് ആ തുകയാണ് നൽകുന്നത് എന്നാണ് നോട്ട് ഫയലിൽ പരാമർശിച്ചിട്ടുള്ളത്. ബിൽ നമ്പർ 545/29-3-2023 പ്രകാരം സബ്സിഡി അനുവദിച്ച ജാനു പി എന്നവരുടെ ബില്ലിന്റെ കൂടെ സമർപ്പിച്ച ചെലവ് രേഖകളിൽ സിമന്റ്, സ്റ്റീൽ എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ചത് ₹10299യാണ്. സമർപ്പിച്ച ബില്ലുകളിലെ തീയതി 19-3-21 ആണ്. ടിയാൻ യൂറോപ്യൻ ക്ലോസറ്റ് വാങ്ങിയതിന്റെ ബില്ലോ, യൂറോപ്യൻ ക്ലോസറ്റ് സ്ഥാപിച്ചത് സംബന്ധിച്ചുള്ള വാല്വേഷൻ സർട്ടിഫിക്കറ്റോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആവശ്യമായ ചെലവ് രേഖകൾ ഇല്ലാതെ ടിയാരിക്ക് ആനുകൂല്യം അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല. ഫയലിലുള്ള ബിൽ നമ്പർ 20220747003001392622/27-3-2021 പ്രകാരം ജാനു പി എന്നവർക്ക് മേൽ പ്രോജക്ട് പ്രകാരം ടിയാരിയുടെ കേരള ഗ്രാമീൺ ബാങ്കിന്റെ പെരിങ്ങത്തൂർ ശാഖയിലെ അക്കൗണ്ട് നമ്പർ 40428101016372 ലേക്ക് 2020-21 വർഷം ₹15000 നൽകിയിട്ടുണ്ട്. ഈ അക്കൗണ്ടിലേക്ക് തന്നെയാണ് 2022-23 വർഷവും ആനുകൂല്യം അനുവദിച്ചത്. ടിയാരിക്ക് വീണ്ടും ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്. 2020-21 വർഷത്തെ ബിൽ പ്രകാരം തുക ക്രഡിറ്റ് ആയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതും പ്രസ്തുത വർഷം തുക നൽകിയിട്ടുണ്ടെങ്കിൽ ടിയാരിക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

3. ₹20000 ആർക്കൊക്കെ നൽകി എന്ന് വ്യക്തമാക്കുന്ന ട്രഷറി ബില്ലുകളുടെ പകർപ്പ്, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഗുണഭോക്താക്കൾ ശാരീരിക അവശത അനുഭവിക്കുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ

പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 33/17-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 40 വാർഡുകളിലും 500 മീറ്റർ ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹1886820 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നമ്പർ/ പേര്	220/23, 40 വാർഡുകളിലും 500 മീറ്റർ ലൈൻ വലിക്കൽ
അടങ്കൽ	₹22,00,000 വികസന ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹8,00,000 തനത് ഫണ്ട്
ആകെ	----------- ₹30,00,000
ചെലവ്	₹1886820 ബിൽ നമ്പർ : 324/1-3-2023

40 വാർഡുകളിലും 500 മീറ്റർ ലൈൻ വലിക്കൽ എന്ന പദ്ധതി പ്രകാരം എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് KSEB യുടെ പാനൂർ, പെരിങ്ങത്തൂർ, ചൊക്ലി എന്നീ ഓഫീസുകൾക്ക് 3-12-2022 ന് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ KSEB പെരിങ്ങത്തൂർ 12 മുതൽ 37 വരെയുള്ള വാർഡുകളിൽ 500 മീറ്റർ ലൈൻ വലിക്കുന്നതിന് ₹1886820 യുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതനുസരിച്ച് KSEB ഇലക്ട്രിക്കൽ ഡിവിഷൻ തലശ്ശേരിയുടെ അക്കൗണ്ടിലേക്ക് ₹1886820 (GST ₹287820 കുറവ് വരുത്തിയതിന് ശേഷം ₹1599000) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. KSEB പെരിങ്ങത്തൂർ ഇലക്ട്രിക്കൽ സെക്ഷനുമായി കരാറിലേർപ്പെട്ടിട്ടുണ്ട് കെ.എസ്.ഇ. ബി യുമായി വെച്ച കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവ്യത്തി പൂർത്തീകരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പ്രവ്യത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവ്യത്തിയുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 27/15-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1886820യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-34 മോന്താൽ പെരിങ്ങത്തൂർ ബോട്ട് ജെട്ടി പോസ്റ്റ് സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ വലിക്കലും -രേഖകൾ ലഭ്യമല്ല ₹196883 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നമ്പർ / പേര്	353/23, മോന്താൽ പെരിങ്ങത്തൂർ ബോട്ട് ജെട്ടി പോസ്റ്റ് സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ വലിക്കലും
അടങ്കൽ	₹300000 വികസന ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	₹196883 ബിൽ നമ്പർ : 370/13-3-2023

മോന്താൽ പെരിങ്ങത്തൂർ ബോട്ട് ജെട്ടി പോസ്റ്റ് സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ വലിക്കലും എന്ന പദ്ധതിക്കായി KSEB ചൊക്ലി ഡിവിഷൻ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹196883 കെ.എസ്.ഇ.ബി ചൊക്ലി ഡിവിഷന് ട്രാൻസ്ഫർ ചെയ്തതായി നോട്ട് ഫയലിൽ പറയുന്നുണ്ടെങ്കിലും തുക ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ചുള്ള ട്രഷറി ബില്ലിന്റെ പകർപ്പ്, തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ട കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവ്യത്തി പൂർത്തീകരിക്കും എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രവ്യത്തിയുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 26/15-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹196883 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 ശിങ്കാരിമേളം പരിശീലനവും ഉപകരണം വാങ്ങലും - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ₹288700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്റ്റ് നമ്പർ/പേര്	157/23 ശിങ്കാരിമേളം പരിശീലനവും ഉപകരണം വാങ്ങലും
അടങ്കൽ	₹300000 വികസന ഫണ്ട് ജനറൽ

ചെലവ്	₹247200 ബിൽ നമ്പർ 2222074700490l546219/28-03-2023 ₹41500 ബിൽ നമ്പർ2222074700490l547693/28-03-2023 ആകെ : ₹288700

മേൽ പദ്ധതിയിൽ ശിങ്കാരിമേളം പരിശീലനം നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ. ചിത്രൻ.കെ, ചകൃത്ത് വളപ്പിൽ, ഇരുവെട്ടി എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ഈ ഇനത്തിൽ ശിങ്കാരിമേളം പരിശീലനം നൽകിയ വകയിൽ ടിയാന് ₹41500 പ്രതിഫലം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശിങ്കാരിമേളത്തിനായി ഇടന്തല, വലംതല, ഇലത്താളം എന്നിവ ടെൻഡർ മുഖാന്തരം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും, ഇടന്തല വലംതല ഇലത്താളം എന്നിവ മുനിസിപ്പാലിറ്റി നേരിട്ട് വാങ്ങുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022ലെ സ.ഉ. (കൈ) 115/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6-5(2) പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന അർഹത മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.

2. കുറഞ്ഞത് രണ്ടു പേരെങ്കിലുമുള്ള ഗ്രൂപ്പ് ആയിരിക്കണം.

3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്.

4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.

5. വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തലിനായി നിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ പഞ്ചായത്തുകളിൽ ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം), ജില്ലാ മിഷൻ കോഓർഡിനേറ്റർ (കുടുംബശ്രീ) എന്നിവർ സമിതി അംഗങ്ങളായിരിക്കും.

എന്നാൽ പാനൂർ മുനിസിപ്പാലിറ്റി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചതായുള്ള വിവരം ലഭ്യമല്ല. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ഫയലിൽ ലഭ്യമല്ല. സംരംഭത്തിന്റെ ആകെ സാമ്പത്തിക വിശകലനം ലഭ്യമല്ലാത്തതിനാൽ അർഹമായ നിരക്കിൽ തന്നെയാണോ 75% സബ്സിഡി നൽകിയത് എന്ന് വിലയിരുത്തുവാനായിട്ടില്ല. പ്രോജക്ട് പ്രകാരം വാങ്ങിയ ശിങ്കാരിമേളം വാദ്യോപകരണങ്ങൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതായോ അവ ഉപയോഗപ്പെടുത്തുന്നതായോ ഉള്ള വിവരം ലഭ്യമല്ല. ശിങ്കാരി മേളം പരിശീലനം ലഭിച്ച ഗുണഭോക്താക്കൾ തന്നെയാണോ വാദ്യോപകരണങ്ങൾ കൈപ്പറ്റിയിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമല്ല. വനിത ഗ്രൂപ്പ് സംരംഭം സംബന്ധിച്ച് കുടുംബശ്രീ രജിസ്ട്രേഷൻ, ഗ്രേഡിംഗ് മുതലായ വിവരങ്ങളും ലഭ്യമല്ല. മേൽ മേൽ അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), മറ്റ് അർഹത മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കുന്നതിന് 38/18-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച രേഖകളുടെ അഭാവത്തിലും വിശദമായ മറുപടിയുടെ അഭാവത്തിലും ₹288700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ ചെലവ് രേഖകൾ, വിശദമായ മറുപടി എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-36 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹1025726 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രൊജക്ട് നമ്പർ/ പേര്	അടങ്കൽ/ ഫണ്ടിനം	ചെലവ്	ബിൽ നമ്പർ/ തീയതി
1	25/23 40 വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ്	₹1,00,000 വികസന	₹1,00,000 വികസന	74/19.08.22 ₹1,00,000

	സ്ഥാപിക്കൽ	ഫണ്ട് ജനറൽ	ഫണ്ട് ജനറൽ	
2	20/23 ISO സർട്ടിഫിക്കേഷൻ (സ്പിൽ ഓവർ)	₹52000 വികസന ഫണ്ട് ജനറൽ	₹51625 വികസന ഫണ്ട് ജനറൽ	35/29.06.22 ₹51,625
3	28/23 മെറിറ്റോറിയസ് സ്കോളർഷിപ്പ് വിതരണം	₹20000 വികസന ഫണ്ട് SCP	₹15000 വികസന ഫണ്ട് SCP	476/26.03.23 ₹1,50,000
4	91/23 പദ്ധതി രൂപീകരണവും മോണിറ്ററിങ്ങും	₹300000 വികസന ഫണ്ട് ജനറൽ ₹1,00,000 തനത് ഫണ്ട്	₹299076 വികസന ഫണ്ട് ജനറൽ ₹65035 തനത് ഫണ്ട്	82/22.08.22 ₹94,500 83/22.08.22 ₹1,571 91/24.08.22 ₹40,000 97/01.09.22 ₹13,400 260/20.02.23 ₹76,800 325/01.03.23 ₹43,987 326/01.03.23 ₹11,603 421/18.03.23 ₹17,215 98/01.09.22 ₹334 182/03.01.23 ₹7,250 473/26.03.23 ₹48,169 569/31.03.23 ₹9,282
5	90/23 എസ് സി വീട് വാസയോഗ്യമാക്കൽ	₹150000 വികസന ഫണ്ട് SCP	₹150000 വികസന ഫണ്ട് SCP	476/26.03.23 ₹1,50,000
6	24/23 നഗരസഭ കെട്ടിട നിർമ്മാണം DPR തയ്യാറാക്കൽ (സ്പിൽ ഓവർ)	₹2500000 തനത് ഫണ്ട്	₹178800 തനത് ഫണ്ട്	422/18.03.23 ₹1,28,800 14/19.05.22 ₹50,000
7	22/23 പതിനാലാം പഞ്ചവത്സര പദ്ധതി മുന്നൊരുക്ക പ്രവർത്തനങ്ങൾ (സ്പിൽ ഓവർ)	₹294627 തനത് ഫണ്ട്	₹166190 തനത് ഫണ്ട്	12/17.05.22 ₹12,100 16/23.05.22 ₹3,390 23/31.05.22 ₹58,170 102/01.09.22 ₹43,530 100/01.09.22

				₹49,000

മേൽ പ്രോജക്കുകളുടെ ചെലവ് രേഖകൾ (ട്രഷറി ബില്ലുകൾ, അനുബന്ധ ചെലവ് രേഖകൾ എന്നിവ) പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് 35/17-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹1025726 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 നഗരസഭ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ രേഖകൾ ലഭ്യമല്ല ₹1301164 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ / പേര്	202/23 നഗരസഭ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
അടങ്കൽ	₹1023000 വികസന ഫണ്ട് – പൊതു വിഭാഗം ₹340009 ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	1. ₹274644 ബിൽ നമ്പർ : 206/26-1-2023 വികസന ഫണ്ട് 2. ₹144828 ബിൽ നമ്പർ : 207/26-1-2023 വികസന ഫണ്ട് 3. ₹219816 ബിൽ നമ്പർ : 205/26-1-2023 വികസന ഫണ്ട് 4. ₹25000 ബിൽ നമ്പർ : 282/23-2-2023 വികസന ഫണ്ട് 5. ₹85568 ബിൽ നമ്പർ : 275/22-2-2023 വികസന ഫണ്ട് 6. ₹150000 ബിൽ നമ്പർ : 327/1-3-2023 വികസന ഫണ്ട് 7. ₹12259 ബിൽ നമ്പർ : 463/24-3-2023 വികസന ഫണ്ട് 8. ₹11650 ബിൽ നമ്പർ : 462/24-3-2023 വികസന ഫണ്ട് 9. ₹41160 ബിൽ നമ്പർ : 465/24-3-2023 വികസന ഫണ്ട് 10. ₹10750 ബിൽ നമ്പർ : 544/29-3-2023 വികസന ഫണ്ട് 11. ₹325489 ബിൽ നമ്പർ : 464/24-3-2023 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആകെ : ₹1301164

നഗരസഭ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന മേൽ പ്രൊജക്ട് പ്രകാരം റാക്ക്, അലമാര, കമ്പ്യൂട്ടർ, വെറ്റിനറി ഡിസ്പൻസറിയിലേക്ക് റഫ്രിജറേറ്റർ, ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് കമ്പ്യൂട്ടർ മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങാനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ക്രമ നമ്പർ 1, 2, 3 എന്നീ ബില്ലുകൾ പ്രകാരം വാങ്ങിയ 11 ലാപ്പ്ടോപ്പ് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല.
2. ക്രമ നമ്പർ 4, 10 പ്രകാരം സാഗോ ഏജൻസിയിൽ നിന്നും വാങ്ങിയ ഫ്രിഡ്ജ്, സ്റ്റെബിലൈസർ എന്നിവയുടെയും, ക്രമ നം.10 പ്രകാരം വാങ്ങിയ ഫാൻ, ബൾബ്, സൗണ്ട് സിസ്റ്റം എന്നിവയുടെയും ക്യാഷ് ഇൻവോയ്സ്, സ്റ്റോക്ക്, വിതരണ വിവരം എന്നിവ ഹാജരാക്കിയില്ല.
3. ക്രമ നമ്പർ 5 പ്രകാരം എക്സൽ ബിസിനസ്സിൽ നിന്നും വാങ്ങിയ എപ്സൺ മൾട്ടിഫങ്ഷൻ പ്രിന്ററിന്റെ സ്റ്റോക്ക് ഹാജരാക്കിയില്ല.
4. ക്രമ നമ്പർ 6, 7 എന്നീ ബില്ലുകൾ പ്രകാരം കാഡ്കോവിൽ നിന്നും വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.
5. ക്രമ നമ്പർ 8 പ്രകാരം ഫോക്കസ് സിസ്റ്റത്തിൽ നിന്നും വാങ്ങിയ 5 UPS സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമല്ല.
6. ക്രമ നമ്പർ 9 പ്രകാരം CBS Corporate System ൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിവരം കാണിക്കുന്ന ക്യാഷ് ഇൻവോയ്സ്, സ്റ്റോക്ക്, വിതരണ വിവരം എന്നിവ ലഭ്യമല്ല.
7. ക്രമ നമ്പർ 11 പ്രകാരം കാഡ്കോവിൽ നിന്ന് വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഘടക സ്ഥാപനങ്ങൾക്ക് നൽകിയതിന്റെയും രേഖകൾ ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് 39/18-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹1301164 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-38 പകൽ വിശ്രമ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ -വിശ്രമകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല ₹99993 ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രൊജക്ട് നമ്പർ/പേര്	174/23 പകൽ വിശ്രമ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
അടങ്കൽ	₹100000 വികസന ഫണ്ട് ജനറൽ
ചെലവ്	₹99993 ബിൽ നമ്പർ : 364/13-3-2023

മുനിസിപ്പാലിറ്റി പരിധിയിലുള്ള വിശ്രമകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം സിഡ്കോയിൽ നിന്നും ₹99,993 യ്ക്ക് താഴെ പറയുന്ന ഫർണിച്ചർ വാങ്ങുകയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പാനൂർ പകൽ വിശ്രമകേന്ദ്രത്തിനും, പെരിങ്ങളം പകൽ വിശ്രമകേന്ദ്രത്തിനും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പാനൂർ പകൽ വിശ്രമകേന്ദ്രത്തിന് ലഭ്യമാക്കിയ ഫർണിച്ചറുകൾ

ക്രമ നമ്പർ	ഇനം	എണ്ണം	വില (₹)
1	സ്റ്റീൽ ടേബിൾ	1	5465
2	ഫോൾഡിംഗ് ചെയർ	3	11655
3	സ്റ്റീൽ ക്യാബിനറ്റ്	1	11399
ആകെ			28519+18% GST

പെരിങ്ങളം പകൽ വിശ്രമകേന്ദ്രത്തിന് ലഭ്യമാക്കിയ ഫർണിച്ചറുകൾ

ക്രമ നമ്പർ	ഇനം	എണ്ണം	വില (₹)
1	സ്റ്റീൽ ടേബിൾ	1	5465
2	ഫോൾഡിംഗ് ചെയർ	2	7770
3	സ്റ്റീൽ കോട്ട്	3	19875
4	ബെഡ്ഡ്	3	11712
5	സ്റ്റീൽ കാബിനറ്റ്	1	11399
ആകെ			56221 + 18 % GST

പാനൂർ പകൽ വിശ്രമകേന്ദ്രവും പെരിങ്ങളം പകൽ വിശ്രമകേന്ദ്രവും നിലവിൽ പ്രവർത്തനക്ഷമമാണോ എന്നറിയിക്കുന്നതിനും മുനിസിപ്പാലിറ്റി പരിധിയിൽ ആകെയുള്ള പകൽവീടുകളുടെ എണ്ണവും (പ്രവർത്തനക്ഷമമായതും

അല്ലാത്തതും) അവയുടെ പ്രവർത്തന റിപ്പോർട്ടും ഓരോന്നിലുമുള്ള കെയർടേക്കർമാരുടെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 43/18-01-2024 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് രണ്ട് പകൽ വിശ്രമകേന്ദ്രങ്ങളും പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ലെന്നും കെയർടേക്കർ ഇല്ലാത്തതിനാൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫർണിച്ചറുകൾ കൈപ്പറ്റിയ രേഖ സമർപ്പിച്ചിട്ടുണ്ടെന്നും പകൽ വിശ്രമ കേന്ദ്രം എത്രയും പെട്ടെന്ന് തുടങ്ങുന്നതിനുള്ള ഇടപെടൽ നടത്തുന്നതുമാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഫർണിച്ചർ നിലവിൽ എവിടെയാണ് സൂക്ഷിച്ചത് എന്നത് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. പകൽ വിശ്രമ കേന്ദ്രങ്ങളുടെ പ്രവർത്തനം നാളിതുവരെയായി ആരംഭിക്കാത്ത സാഹചര്യത്തിൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹99993 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. വാങ്ങിയ ഫർണിച്ചറുകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനിൽ നിന്നും തിരികെ വാങ്ങി ഓഫീസ് രേഖകൾ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കേന്ദ്രം പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് റിലീസ് ചെയ്തു കൊടുക്കേണ്ടതുമാണ്.

1-39 തനത് ഫണ്ട് ചെലവ് രേഖകൾ ലഭ്യമല്ല ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്രമ നമ്പർ	ചെക്ക് നമ്പർ /തിയ്യതി	തുക	തുക കൈപ്പറ്റിയ സ്ഥാപനം	തുക നൽകിയതിന്റെ ഉദ്ദേശ്യം	ഹാജരാക്കേണ്ട രേഖകൾ
1	6665743/ 13-5-2022	200000	വാർഡ് സാനിറ്റേഷൻ കമ്മിറ്റി	മഴക്കാല പൂർവ്വ ശുചീകരണം	വിനിയോഗ സാക്ഷ്യപത്രം, വരവു ചെലവു കണക്കുകൾ (വാർഡ് കമ്മിറ്റികളുടെ)

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് 55/19-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം മഴക്കാല പൂർവ്വശുചീകരണം വിനിയോഗ സാക്ഷ്യപത്രം, വരവു ചെലവു കണക്കുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-40 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ - ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ / പേര്	167/23, ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ നൽകൽ
അടങ്കൽ	₹300000 വികസനഫണ്ട്
ചെലവ്	₹300000 ബിൽ നമ്പർ : 493/28-03-2023

പാനൂർ മുനിസിപ്പാലിറ്റി പരിധിയിലെ 3 ഗുണഭോക്താക്കൾക്ക് (പ്രവീൺ. കെ, ജയതിലകൻ. കെ, സതി.ഇ) ₹300000 ചെലവഴിച്ച് കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ സ്കൂട്ടർ കൈപ്പറ്റിയ ജയതിലകൻ. കെ, സതി. ഇ എന്നിവരുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുമായി ചമച്ച കരാർ പ്രകാരം സ്കൂട്ടർ കൈപ്പറ്റി ആറ് മാസത്തിനകം ലൈസൻസ് എടുക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 9/10.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലൈസൻസ് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 7(1), (2) പ്രകാരം എട്ട് വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം നല്കാവുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾ എട്ട് വർഷത്തിനുള്ളിൽ ഈ പദ്ധതിയിലുൾപ്പെടുത്തി വാഹനം കൈപ്പറ്റിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ലഭിച്ചതിന്റെ രേഖകളും എട്ട് വർഷത്തിനുള്ളിൽ മേൽ പദ്ധതിയിലുൾപ്പെടുത്തി വാഹനം കൈപ്പറ്റിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

1-41 അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ്-കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ : ജി.1.8182/22

പ്രതിമാസം ₹7000 നിരക്കിൽ 26-10-2022 മുതൽ 25-10-2023 വരെയുള്ള കാലയളവിൽ 5 അപ്രന്റീസുകളെ നിയമിച്ച് സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപ്പന്റിന്റെ 25% പരമാവധി ₹1500 കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫ്-1/21777/ 2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രന്റീസുകൾക്ക് അനുവദിക്കുന്ന സ്റ്റൈപ്പന്റ് തുകയുടെ 25% (പരമാവധി ₹1500) റീ-ഇംബേഴ്സ് ചെയ്യുന്നതിന് നിശ്ചിത പ്രൊഫോർമയിൽ പരിശീലനത്തിന് ഹാജരായതിന്റെ വിശദാംശങ്ങൾ എല്ലാമാസവും 12-ാം തിയ്യതിക്കു മുമ്പായി അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതായിരിക്കും എന്നാണ് ആർ ഐ സെന്ററിൽ നിന്ന് അറിയിച്ചിട്ടുള്ളത്. നഗരസഭയിൽ വിവിധ തസ്തികകളിൽ ട്രെയിനികളായി നിയമിച്ചവർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് തൻവർഷം ആകെ ₹146775 ചെലവഴിച്ചിട്ടുണ്ട്. (മുൻവർഷങ്ങളിലേതുൾപ്പെടെ അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നല്കുന്നതിന് ചെലവഴിച്ച തുകയുടെ നിശ്ചിത ശതമാനം തുക തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല). കേന്ദ്രവിഹിതം ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് 53/19-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപ്രന്റിസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് ഇനത്തിൽ ലഭിക്കാനുള്ള കേന്ദ്ര വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-42 സ്കൂളുകൾക്ക് കായിക ഉപകരണ കിറ്റ്-പദ്ധതി നിർവ്വഹണം-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ഗവ യു പി സ്കൂൾ , കരിയാട്
പ്രോജക്ട് നമ്പർ / പേര്	211/23, സ്കൂളുകൾക്ക് കായിക ഉപകരണ കിറ്റ്
അടങ്കൽ	₹75000 വികസന ഫണ്ട്
ചെലവ്	₹74729 ബിൽ നമ്പർ : 355/10-03-2023

മേൽ പ്രോജക്ടിന്റെ ഭാഗമായി ₹74729 യ്ക്ക് സൊസൈറ്റി പെലോടൺ സ്പോർട്സ് എൽ എൽ പി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് കായിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ പ്രകാരം മുനിസിപ്പാലിറ്റികൾക്ക് ₹50000 യ്ക്ക് മുകളിലും ₹100000 യിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിക്കാതെ ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് 5/08-01-2024 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അറിവില്ലായ്മ കാരണം പിഴവ് സംഭവിച്ചതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-43 ശുചീകരണ പണിയായുധങ്ങൾ ശുചീകരണ സാമഗ്രികൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകം

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഇൻസ്പെക്ടർ
പ്രോജക്ട് നമ്പർ /പേര്	380/23 ശുചീകരണ പണിയായുധങ്ങൾ ശുചീകരണ സാമഗ്രികൾ വാങ്ങൽ
അടങ്കൽ	₹1,50,000 തനതു ഫണ്ട്
ചെലവ്	₹1,34,402 ചെക്ക് നമ്പർ 6665783/31.03.2023

മേൽ പ്രോജക്ട് പ്രകാരം ത്രിവേണി, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഹരിതകർമ്മ സേനയ്ക്ക് ശുചീകരണ പണിയായുധങ്ങൾ, ശുചീകരണ സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് ₹1,34,402 ചെലവഴിച്ചിട്ടുണ്ട്. സ.ഉ(പി)നം.7/19/ എസ്.പി.ഡി തീയതി 26.04.2019 പ്രകാരം ₹25,000 യിൽ കൂടുതൽ ചെലവു വരുന്ന വാങ്ങലുകൾക്ക് GeM മുഖേനയുള്ള പർച്ചേസ് നിർബന്ധമാക്കിയിട്ടുള്ളതാണ്. ₹25,000 യിൽ കൂടിയതും 5 ലക്ഷത്തിൽ കുറഞ്ഞതുമായ പർച്ചേസുകൾക്ക്, GeM ൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് വിതരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടെ വിലകൾ തമ്മിൽ താരതമ്യം ചെയ്തതിനു ശേഷം വാങ്ങൽ നടപടി കൈകൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെങ്കിലോ അല്ലെങ്കിൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്താതെയും നടപടിക്രമങ്ങൾക്ക് വിരുദ്ധവുമായാണ് സാധനങ്ങൾ ത്രിവേണി കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച 21/15-01-2024

പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

1-44 പോത്തുകുട്ടി വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
പ്രൊജക്റ്റ് നമ്പർ / പേര്	147/23 പോത്തുകുട്ടി വിതരണം
അടങ്കൽ	₹172500 വികസനഫണ്ട് -ജനറൽ ₹172500 മറ്റുള്ളവ ആകെ : ₹345000
ചെലവ്	₹105000 ബിൽ നമ്പർ : 258/20-02-2023 വികസനഫണ്ട് ₹67500 ബിൽ നമ്പർ : 341/09-03-2023 വികസനഫണ്ട് ₹67500 ഗുണഭോക്തൃ വിഹിതം ആകെ : ₹240000

മേൽ പ്രോജക്റ്റ് പ്രകാരം ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി, പാതിരിപ്പാലം എന്ന സ്ഥാപനത്തിൽ നിന്നും 23 പോത്തുകുട്ടികളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം.115/22/LSGD, തീയതി 28-05-22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3(5)-ലെ നിർദ്ദേശങ്ങൾ പ്രകാരം മേൽ പ്രോജക്റ്റിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 50% ആണ്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീതികളും കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ ₹7500 വീതം 23 പേരിൽ നിന്നും പിരിച്ചെടുക്കുകയും ആയത് മുനിസിപ്പാലിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹67500 ചെലവഴിച്ചതിന്റ വിവരം മാത്രമാണ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത ₹105000 ചെലവഴിച്ചതിന്റ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 61/19-01-2024 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃ വിഹിതമിനത്തിൽ മുഴുവൻ തുകയും പിരിച്ചെടുക്കുകയും മുനിസിപ്പാലിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-45 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
പ്രൊജക്റ്റ് നമ്പർ / പേര്	141/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ	₹375000 വികസനഫണ്ട് -ജനറൽ ₹375000 മറ്റുള്ളവ ആകെ : ₹ 750000
ചെലവ്	₹362500 ബിൽ നമ്പർ 27/14-03-2023

കരിയാട്, പെരിങ്ങത്തൂർ, പാനൂർ മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ തിരഞ്ഞെടുത്ത് അവയെ ഇൻഷൂർ ചെയ്യുകയും 32 മാസം പ്രായം വരെയോ ആദ്യ പ്രസവം വരെയോ പോഷക സമ്പുഷ്ടമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 29 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി ₹362500 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്റ്ററുടെ ട്രഷറി അക്കൗണ്ടിലേക്ക് (719011400000003) മുൻകൂർ നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ടും ലഭ്യമാക്കുന്നതിന് 32/16.1.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പുരോഗതി റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയക്ക് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-46 വാർഡുകളിലേക്ക് റിംഗ് കമ്പോസ്റ്റ്- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ

റിംഗ് കമ്പോസ്റ്റ് എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ
പ്രോജക്ട് നമ്പർ / പേര്	132/23, റിംഗ് കമ്പോസ്റ്റ്
അടങ്കൽ	₹2868607 ധനകാര്യ കമ്മീഷൻ അവാർഡ് ₹6015394 സംസ്ഥാനവിഷ്കൃത ഫണ്ട് ₹1433900 തനത് ഫണ്ട് ആകെ : ₹10318000
ചെലവ്	₹2476980 വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് ₹3463020 സംസ്ഥാനവിഷ്കൃത ഫണ്ട് ആകെ : ₹5940000
ഫയൽ നമ്പർ	H1-8565/22

മേൽ പദ്ധതിയുടെ ഭാഗമായി GUNA SREE VERMI COMPOST & SOLID. കക്കോടി കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് ₹2200 നിരക്കിൽ 2700 റിംഗ് കമ്പോസ്റ്റ് വാങ്ങി വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.2022-ലെ ഖണ്ഡിക 6.8(എ)1-ൽ ഗുണഭോക്തൃ വിഹിതമായി 10% ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കാതെ 100 ശതമാനം സബ്സിഡി നിരക്കിൽ റിംഗ് കമ്പോസ്റ്റ് അനുവദിച്ചതിന്റെ കാരണവും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് 60/19-01-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി മേൽ പദ്ധതി സ്വച്ഛ് ഭാരത് മിഷൻ 1.0 DPR ൽ ഉൾപ്പെട്ടതാണ് എന്ന കാരണം കൊണ്ടാണ് ഗുണഭോക്തൃ വിഹിതം സമാഹരിക്കാതിരുന്നത് എന്നാണ്. എന്നാൽ സ്വച്ഛ് ഭാരത് മിഷൻ 1.0 DPR പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. DPR, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-47 മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ പുരോഗതി കൈവരിച്ചില്ല

പാനൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 43.71% ആയ ₹9,87,44,000 വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിന് 163 മരാമത്ത് പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ 64 (39%) പ്രൊജക്ടുകൾ മാത്രമെ തൻവർഷം നടപ്പിലാക്കിയിട്ടുള്ളൂ. ഈ പ്രൊജക്ടുകളുടെ ആകെ ചെലവ് ₹31858564 (32.26%) മാത്രമാണ്. മരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാനാകാതെ പോയതിന്റെ കാരണം അറിയിക്കുന്നതിന് 63/20-01-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ ആവശ്യമായ ക്രിയാത്മക നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പൊതുമരാമത്ത് സ്ഥിരം സമിതിയുടെയും കൗൺസിലിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-48 മരാമത്ത് പ്രവൃത്തി - പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തികൾക്കൊന്നിലും എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. കൂടാതെ റോഡിന്റെ സ്കെച്ച് പ്ലാൻ, റോഡിന്റെ ചെയിനേജ് എന്നിവ രേഖപ്പെടുത്തുന്നില്ല. മുനിസിപ്പാലിറ്റി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് ടാറിങ്, റീടാറിങ് പ്രവൃത്തികളാണ്. റോഡിന്റെ സ്കെച്ചും പ്ലാനും റോഡിന്റെ ചെയിനേജും ഇല്ലാതെ എപ്രകാരമാണ് കരാറുകാർ പ്രവൃത്തി ചെയ്യേണ്ട സ്ഥലം കണ്ടുപിടിക്കുന്നത് എന്നും വ്യക്തമല്ല. ഇപ്രകാരം ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ ചെയ്ത പ്രവൃത്തി എവിടെയാണെന്ന് കൃത്യമായി പരിശോധിക്കാനും ഓഡിറ്റിന് കഴിയുന്നില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും പ്രവൃത്തിയുടെ വിശദാംശങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ടും സ്കെച്ചും പ്ലാനും ചെയിനേജും രേഖപ്പെടുത്തേണ്ടതാണ്. ഇവയുടെ കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതും അത് കരാറുകാർക്ക് നൽകി അപ്രകാരം പ്രവൃത്തി നടത്തി എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച 64/20-01-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-49 പൊതുമരാമത്ത് പ്രവൃത്തികൾ - ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല.

പാനൂർ മുനിസിപ്പാലിറ്റിയിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പരിശോധിച്ച ഫയലുകളിൽ നിന്നും വ്യക്തമാണ്. 2012ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ

പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് 2401, 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt).469/2013/PWD/തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യു.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ, മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. 19-4-2022 തീയ്യതിയിലെ സ.ഉ.(കൈ)നമ്പർ 86/2022 നമ്പറായുള്ള പദ്ധതി മാർഗ രേഖ ഖ.14.4 അനുസരിച്ച്, ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം, പൊതുമാരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന വിധം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച 59/19-01-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കുവാൻ കരാറുകാരോട് ആവശ്യപ്പെടേണ്ടതും മേൽ പദ്ധതി മാർഗ്ഗരേഖ ഖ.14.4 അനുസരിച്ച്, ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം, പൊതുമാരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന വിധം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-50 പെൻഷൻ ഫണ്ട് അവലോകനം

1. റഗുലർ പെൻഷൻ ഫണ്ട്

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡിസിആർ ബി റൂൾസ് ചട്ടം 7(2),8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസം 25 ന മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്.

മുനിസിപ്പാലിറ്റിയിലെ റഗുലർ പെൻഷൻ നൽകുന്നതിന് SBI പാനൂർ ബ്രാഞ്ചിൽ 3836947265 നമ്പറായി അക്കൗണ്ട് തുടങ്ങുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണം ചെയ്തു വരികയും ചെയ്യുന്നു. ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് പത്രിക പ്രകാരം 2022-23 വർഷം സെൻട്രൽ പെൻഷൻ ഫണ്ട് ലഭിച്ചിട്ടില്ല. ഈ വർഷം ₹273588 പെൻഷൻ ആനുകൂല്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന് 1/5.1.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം മുന്നിരിപ്പ് -₹387474 യും നീക്കിയിരിപ്പ് -₹ 223403 യും ആണ്. തനത് ഫണ്ടിൽ നിന്നും പെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങൾക്കായി 2019-20 വർഷം ₹1814522 തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമായ തുകയിൽ നിന്നാണ് നിലവിൽ റഗുലർ ജീവനക്കാരന്റെ പെൻഷൻ വിതരണം നടത്തുന്നത്. ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തുകയുടെയും തനത് ഫണ്ടിൽ നിന്നും പെൻഷറി ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. നിലവിൽ ഒരു റഗുലർ ജീവനക്കാരന് മാത്രമേ നഗരസഭയിൽ നിന്നും പെൻഷൻ നൽകുന്നുള്ളൂ. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ നഗരസഭയിൽ നിലവിൽ നൽകാൻ തുടങ്ങിയിട്ടില്ല. ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നതുകയുടെയും തനത് ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ചെലവാക്കുന്ന തുകയുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതും പെൻഷൻ വിതരണത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പെൻഷൻ വിതരണം ചെയ്യുന്ന അക്കൗണ്ടിന്റെ റെഗുലർ പെൻഷൻ ഫണ്ട് പാസ് ബുക്കിൽ ₹100000 വരവ് കാണിച്ചിട്ടുണ്ട്. ആയത് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള വരവാണോ എന്ന് വ്യക്തമല്ല എന്നാണ് അറിയിച്ചിട്ടുള്ളത് ആയത് പരിശോധിക്കേണ്ടതാണ് .

2022-23 വർഷം ₹182779 സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി നഗരസഭയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി.2 ഷെഡ്യൂളിൽ ₹670401 നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ആയത് ഏതിനത്തിലെ ബാധ്യതയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് പരിശോധിക്കേണ്ടതാണ്.

1-51 ലോൺ രജിസ്റ്ററും വായ്പയെ സംബന്ധിച്ചുള്ള ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കാത്തത്

മുനിസിപ്പാലിറ്റിയിൽ വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചവ് എന്നിവ രേഖപ്പെടുത്തുന്ന ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം KURDFC ലോൺ ഇനത്തിൽ ₹29360000 യും B-6 ഷെഡ്യൂൾ പ്രകാരം മറ്റ് വായ്പയിനത്തിൽ ₹511332 യും തിരിച്ചടക്കാൻ ബാക്കിയുണ്ട്. 2020-21, 2021-22 എന്നീ വർഷങ്ങളിലും മേൽപ്പറഞ്ഞ തുകകൾ തന്നെയാണ് വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി ധനകാര്യ പത്രികകളിൽ കാണിച്ചിട്ടുള്ളത്. ജി.ഒ പ്രോജക്റ്റുകൾ പ്രകാരം വായ്പയിനത്തിൽ 2022-23 വർഷം ₹23,33,334 തിരിച്ചടച്ചിട്ടുണ്ടെങ്കിലും തിരിച്ചടച്ച തുക വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ജി.ഒ പ്രോജക്റ്റുകൾ പ്രകാരം കുറവുചെയ്യുന്ന തുകകൾ വായ്പാ തിരിച്ചടവിൽ ഉൾപ്പെടുത്താതെ വാർഷിക ധനകാര്യപത്രികയിൽ തെറ്റായ തുകകളാണ് ചേർക്കുന്നത്. ഇക്കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും വാർഷിക ധനകാര്യപത്രികയിൽ മേൽ അപാകത ആവർത്തിക്കുകയാണ് ചെയ്യുന്നത്. ലോൺ രജിസ്റ്ററും വായ്പയെ സംബന്ധിച്ചുള്ള ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ B-5, B-6 എന്നീ ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് 47/18.01.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലോൺ രജിസ്റ്ററും വായ്പയെകുറിച്ചുള്ള വിവരങ്ങളും കുറ്റമറ്റരീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഉത്തരവിന് വിരുദ്ധമായി ഓണറേറിയം നല്കിയത് – ₹90955 യുടെ ചെലവ് അംഗീകരിക്കുന്നില്ല

ഫയൽ നമ്പർ G1-7790/18 4

എസ് ജി എസ് ആർ വൈ പദ്ധതി 2013 മാർച്ച് മാസം നിർത്തലാക്കിയ സാഹചര്യത്തിൽ സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കുകയില്ലെന്ന് കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13-04-2016 തീയതിയിലെ 316/എഫ്/2016/കെ.എസ്.എച്ച്.ഒ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പാനൂർ നഗരസഭയിലെ സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ മജീദ്. വി. കെ. എന്നവർക്ക് നഗരസഭ ഫണ്ടിൽ നിന്ന് സ്പെഷൽ പേ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ചെക്ക് നമ്പർ /തീയതി	തുക ₹	ഓണറേറിയം അനുവദിച്ച കാലയളവ്
025153 Dt 24-11-22	90955	2/2021 മുതൽ 10/2022 വരെ

കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ മേൽസൂചിപ്പിച്ച പ്രകാരം ഓണറേറിയം അനുവദിച്ചത് സംബന്ധിച്ച് 54/19-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ ഹോണറേറിയം നൽകിയ ₹90955 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്.

3-2 ക്ഷീര കർഷകരിൽ നിന്നും പാൽ ശേഖരിച്ച വിൽപ്പന – ഇരുചക്ര വാഹനം വാങ്ങൽ-₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.₹15000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രൊജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്റ്റ് നമ്പർ / പേര്	148/23 ക്ഷീര കർഷകരിൽ നിന്നും പാൽ ശേഖരിച്ച വിൽപ്പന

	ഇരുചക്ര വാഹനം വാങ്ങൽ
അടങ്കൽ	₹150000 വികസന ഫണ്ട് ജനറൽ
ചെലവ്	₹65000 ബിൽ നമ്പർ : 22220747004901546202/28-03-2023

മേൽ പ്രകാരം അനീഷ പി പി പുളിക്കൽ മീത്തൽ പെരിങ്ങത്തൂർ എന്ന ഗുണഭോക്താവിന് ധനസഹായമായി ₹65000 ബിൽ നമ്പർ 22220747004901546202/28-03-2023 പ്രകാരം അനുവദിച്ച ₹65000 ടിയാരിയുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (കേരള ഗ്രാമീണ് ബാങ്ക് അക്കൗണ്ട് നമ്പർ KLGB0040428/40428101058475). പ്രിൻസ് മോട്ടോറൈഡ് തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നുമാണ് TVS JUPITER 125 CC എന്ന സ്കൂട്ടർ വാങ്ങിയിട്ടുള്ളത്. ഇതിനു പുറമെ 40 ലിറ്റർ കാപ്പാസിറ്റിയുള്ള മിൽക്ക് ക്യാനും ₹15232 ജ്ക് ടിയാരി വാങ്ങിതായി വൗച്ചർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ. ഉ. (കൈ)115/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന അർഹത മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.
2. തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം.
3. നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.
4. ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണം.
5. പ്രവാസികൾക്ക് മുൻഗണന നൽകണം.
6. ഇലക്ട്രിക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം.
7. ഇലക്ട്രിക് ഇരുചക്ര വാഹനത്തിന് പരമാവധി ₹5,000 വരെ പ്രോത്സാഹന സബ്സിഡിയായി അധികം നൽകാവുന്നതാണ്.
8. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.

എന്നാൽ പാനൂർ മുനിസിപ്പാലിറ്റി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ പദ്ധതി നിർവഹണം സംബന്ധിച്ചുള്ള മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ഫയലിൽ ലഭ്യമല്ല. സംരംഭത്തിന്റെ ആകെ സാമ്പത്തിക വിശകലനം ലഭ്യമല്ലാത്തതിനാൽ അർഹമായ നിരക്കിൽ തന്നെയാണോ 50 % സബ്സിഡി നൽകിയത് എന്ന് വിലയിരുത്തുവാനായിട്ടില്ല.
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന അർഹത മാനദണ്ഡം ഖണ്ഡിക 10 പ്രകാരം ഗുണഭോക്താവിന് അർഹമായ ധനസഹായത്തിന്റെ ഉയർന്ന പരിധി സ്കൂട്ടർ വിലയുടെ 50 % അല്ലെങ്കിൽ പരമാവധി ₹50000 യാണ്. എന്നാൽ ശ്രീമതി അനീഷ പി പി, പുളിക്കൽ മീത്തൽ, പെരിങ്ങത്തൂർ എന്ന ഗുണഭോക്താവിന് ധനസഹായമായി അനുവദിച്ച തുക ₹65000 യാണ്. അർഹമായതിലും അധികം ധനസഹായം ₹15000 അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.
3. ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് നമ്പർ, വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ഇൻഷൂറൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
4. ഗുണഭോക്താവ് സംരംഭം ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സംരംഭം, ബാങ്ക് ലോൺ, ബാങ്ക് പാസ്ബുക്ക്, വരുമാനം എന്നിവ സംബന്ധിച്ചും സംരംഭത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും വിവരം ലഭ്യമല്ല.
5. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ് എന്നിരിക്കെ ടിയാരി സ്കൂട്ടർ വാങ്ങിച്ച പ്രിൻസ് മോട്ടോറൈഡ് തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നുമുള്ള GST ഇൻവോയ്സ് ലഭ്യമല്ല. ഫയലിൽ ലഭ്യമായ പ്രൊഫോർമ ഇൻവോയ്സ് (536/17-03-2023) പ്രകാരം വാഹനത്തിന്റെ വില ₹116520 യാണ്. ഇതിൽ വാഹനത്തിന്റെ വില ₹95415 യും GST ₹12809 യുമാണ് കാണിച്ചിട്ടുള്ളത്.

മേൽ അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം, പ്രോജക്ടിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), മറ്റു അർഹത മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കുന്നതിന് 50/18-1-2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച രേഖകളുടെ അഭാവത്തിലും വിശദമായ മറുപടിയുടെ അഭാവത്തിലും ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ ചെലവ് രേഖകൾ, വിശദമായ മറുപടി എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. സബ്സിഡിയായി അധികം നൽകിയ ₹15000യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹15000 ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2022-23	04-01-2024 മുതൽ 06-01-2024 വരെ	കെ.എസ്.എ/കെ.എൻ.ആർ/സി.15/98/ 2024 തീയതി 07-03-2024.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രൊജക്ട് നമ്പർ / പേര്	നൽകിയ തുക	ബിൽ നമ്പർ/ തീയതി	ചെലവഴിച്ച തുക ₹	പൂർത്തീകരിച്ച വിവരം
കെ.എസ്.ഇ.ബി	220/23 40 വാർഡുകളിലും 500 മീറ്റർ ലൈൻ വലിക്കൽ	1886820	324/1-3-2023	വിവരം ലഭ്യമല്ല	വിവരം ലഭ്യമല്ല
	353/23 മോന്താൽ പെരിങ്ങത്തൂർ ബോട്ട് ജട്ടി പോസ്റ്റ് സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ വലിക്കലും	196883	370/13-3-2023	വിവരം ലഭ്യമല്ല	വിവരം ലഭ്യമല്ല
ഭൂജല വകുപ്പ്	349/23 വിവിധ അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം	785000	475/26-3-2023	വിവരം ലഭ്യമല്ല	വിവരം ലഭ്യമല്ല
		50310	187/14-1-2023		
	ആകെ	835310			

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

മുനിസിപ്പാലിറ്റിയിൽ വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെ വിവരവും കാണിക്കുന്ന ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെയും കൃത്യമായ വിവരം ഉൾപ്പെടുത്താനായിട്ടില്ല. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-51 കാണുക).

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
		2011-12	ഖ.2.1	ഗ്രാമസഭ പൊതു അവലോകനം (പഞ്ചായത്ത് ആയിരുന്ന സമയത്തെ പരാമർശം)	പരാമർശം നിലനിൽക്കുന്നു
2014-15	2-5	2016-17	ഖ.2	തൊഴിൽ നികുതി (പഞ്ചായത്ത് ആയിരുന്ന സമയത്തെ പരാമർശം)	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹	235441539
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹	179499303
വരവിനങ്ങളിലുള്ള നഷ്ടം	₹	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹	105955
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹	8143857

ബി. മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്
	ചാർജ്ജ് ചെയ്യാവുന്നത്	സർചാർജ്ജ് ചെയ്യാവുന്നത്	
1-29 (3-1)	-	90955	ശ്രീ. പ്രവീൺ.എ, സെക്രട്ടറി
1-31 (3-2)	-	15000	ശ്രീ. മജീദ്. വി. കെ, പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
ആകെ		105955	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്
1-22	1500000	ശ്രീമതി. ദീപ. സി, സെക്രട്ടറി

1-23	474503	ഡോ. അനിൽകുമാർ. ഐ. പി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി
1-24	409225	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-25	150000	ശ്രീമതി. ദീപ. സി, സെക്രട്ടറി
1-26	112000	ഡോ. അനിൽകുമാർ. ഐ. പി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി
1-27	39672	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-28	329171	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-30	50000	ശ്രീ. രാജൻ. കെ. കെ.സെക്രട്ടറി ഇൻ ചാർജ്ജ്
1-31	50000	ശ്രീ. മജീദ്. വി. കെ, പ്രൊജക്ട് ഓഫീസർനഗര ദാരിദ്ര്യ നിർമ്മാർജന സെൽ
1-32	30000	ശ്രീ. രാജൻ. കെ. കെ, സെക്രട്ടറി ഇൻ ചാർജ് ₹10000, ശ്രീമതി. ദീപ. സി, സെക്രട്ടറി ₹10000, ശ്രീ. പ്രവീൺ. എ, സെക്രട്ടറി ₹10000
1-33	1886820	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-34	196883	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-35	288700	ശ്രീ. മജീദ്. വി. കെ, പ്രൊജക്ട് ഓഫീസർനഗര ദാരിദ്ര്യ നിർമ്മാർജന സെൽ
1-36	1025726	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-37	1301164	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
1-38	99993	ശ്രീമതി. ലിജി. പി. ജി, ICDS സൂപ്പർവൈസർ
1-39	200000	ശ്രീ. പ്രവീൺ. എ, സെക്രട്ടറി
ആകെ	8143857	

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്	ഇപ്പോഴത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ലിജി. പി. ജി, ICDS സൂപ്പർവൈസർ	ICDS സൂപ്പർവൈസർ, പാനൂർ മുനിസിപ്പാലിറ്റി	ആഡംബര, കുന്നമ്മൽ, കട്ടിപ്പാറ, കോഴിക്കോട്
ഡോ. അനിൽകുമാർ. ഐ. പി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി	മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പാനൂർ	ബ്രദേർസ് ക്വാർട്ടേർസ്, പന്ന്യന്നൂർ-പി.ഒ കണ്ണൂർ
ശ്രീ. പ്രവീൺ. എ, സെക്രട്ടറി	സെക്രട്ടറി, പാനൂർ മുനിസിപ്പാലിറ്റി	TMC 52/310 ജഡ്ജി ബംഗ്ലാവിന് സമീപം, തലശ്ശേരി
ശ്രീ. രാജൻ. കെ. കെ, സെക്രട്ടറി ഇൻ ചാർജ്ജ്	സേവനത്തിൽ നിന്നും വിരമിച്ചു	കാവിൽ ഹൗസ്, കൊളപ്പ, പട്ടാന്നൂർ, കണ്ണൂർ

ശ്രീമതി. ദീപ. സി, സെക്രട്ടറി	സൂപ്രണ്ട്, കണ്ണൂർ കോർപ്പറേഷൻ	ചുണ്ടയിൽ ഹൗസ് ബദരിയ നഗർ, കണ്ണൂർ
ശ്രീ. മജീദ്. വി. കെ, പ്രൊജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ	ജെ.എച്ച്.ഐ- I പയ്യോളി മുനിസിപ്പാലിറ്റി	പറയുള്ളതിൽ ഹൗസ്, ചെറുവണ്ണൂർ, മേപ്പയൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2015-16	കെ.എസ്.എ/കെ.എൻ.ആർ/ബി.2/183/2017 തീയതി 10.02.2017	14
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി.13/1839/ 2017 തീയതി 19.12.2017	20
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി.16/113/2019 തീയതി 25.3.2019	33
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി.16/1091/ 2020 തീയതി 29.6.2021	32
2019-20	കെ.എസ്.എ/കെ.എൻ.ആർ/സി.16/1050/ 2022 തീയതി 25.07.2022	52
2020-21	കെ.എസ്.എ/കെ.എൻ.ആർ/സി.15/1083/ 2022 തീയതി 30.07.2022	60
2021-22	കെ.എസ്.എ/കെ.എൻ.ആർ/സി.15/528/ 2023(1) തീയതി 07.10.2023	42

പാനൂർ, പെരിങ്ങളം, കരിയാട് എന്നിവ ഗ്രാമപഞ്ചായത്തുകളായിരുന്ന കാലയളവിലുള്ള തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. പാനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	എൽഎഫ്.കെ.എൻ.ആർ.D2/1427/09(14) തീയതി.07.07.2012	1
2003-04	എൽ.എഫ്.C2/1535/07	14
2004-05	എൽ.എഫ്.കെ.എൻ.ആർ.D2/1790/07 തീയതി.29.11.2008/07.04.2009	12
2005-06	എൽ.എഫ്.കെ.എൻ.ആർ.D2/1666/07 തീയതി.29.11.2008/07.04.2009	13
2006-07	എൽ.എഫ്.കെ.എൻ.ആർ.സി/71375/10 തീയതി.14.02.2011/03.05.2011	11
2007-08	എൽ.എഫ്.കെ.എൻ.ആർ.സി7/1376/10	18

	തീയതി.14.02.2011/03.05.2011	
2008-09	എൽ.എഫ്.കെ.എൻ.ആർ.സി.7/458/12 തീയതി.18.07.2012	09
2009-10	എൽ.എഫ്.കെ.എൻ.ആർ.സി.7/459/12 തീയതി.18.07.2012	16
2010-11	എൽ.എഫ്.കെ.എൻ.ആർ.സി.7/460/12 തീയതി.18.07.2012	16
2011-12	എൽ.എഫ്.കെ.എൻ.ആർ.സി.3/722/14 തീയതി.21.11.2014	15
2012-13 2013-14, 2014-15	എൽ.എഫ്.കെ.എൻ.ആർ.സി.3/1284/15 തീയതി.29.10.2015	16
01.04.2015 To 31.10.2015	കെ.എസ്.എ/കെ.എൻ.ആർ/സി.9/754/2017 തീയതി. 12.07.2017	7

2. പെരിങ്ങളം ഗ്രാമ പഞ്ചായത്ത്.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	എൽ.എഫ്.കെ.എൻ.ആർ/D2/1275/08(09) തീയതി.20.04.2012	9
2000-01 (തനത്)	എൽ.എഫ്.കെ.എൻ.ആർ/D2/1275/08(10) തീയതി.20.04.2012	06
2000-01 (പദ്ധതി)	എൽ.എഫ്.കെ.എൻ.ആർ/D2/1275/08(11) തീയതി.20.04.2012	01
2001-02 (തനത്)	എൽ.എഫ്.കെ.എൻ.ആർ/D2/1275/08(12) തീയതി.20.04.2012	07
2001-02 (പദ്ധതി)	എൽ.എഫ്.കെ.എൻ.ആർ/D2/1275/08(13) തീയതി.20.04.2012	08
2003-04	എൽ.എഫ്.കെ.എൻ.ആർ/D2/578/09) തീയതി.07.10.2009	12
2004-05	എൽ.എഫ്.കെ.എൻ.ആർ/D2/579/09 തീയതി.07.10.2009	08
2005-06	എൽ.എഫ്.കെ.എൻ.ആർ/സി8/438/11 തീയതി.21.11.2011	12
2006-07	എൽ.എഫ്.കെ.എൻ.ആർ/സി3/1113/11 തീയതി.30.11.2011	07
2007-08	എൽ.എഫ്.കെ.എൻ.ആർ/സി8.1218/10 തീയതി.30.11.2011	27
2008-09	എൽ.എഫ്.കെ.എൻ.ആർ/സി3.569/13 തീയതി.10.12.2013	25
2009-10	എൽ.എഫ്.കെ.എൻ.ആർ/സി3.570/13 തീയതി.10.12.2013	21
2010-11 2011-12	എൽ.എഫ്.കെ.എൻ.ആർ/സി3.1810/13 തീയതി.27.02.2015	27

2012-13	എൽ.എഫ്.കെ.എൻ.ആർ/സി3.880/15 തീയതി.27.02.2015	-
2013-14, 2014-15	എൽ.എഫ്.കെ.എൻ.ആർ/സി3.1209/15 തീയതി.30.10.2015	8
01.04.2015 To 31.10.2015	കെ.എസ്.എ/കെ.എൻ.ആർ/സി9-753/ 2017 തീയതി. 06.12.2017	10

3. കരിയാട് ഗ്രാമ പഞ്ചായത്ത്.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2002-03	എൽ.എഫ്.കെ.എൻ.ആർ/സി3/417/07 തീയതി.06.11.2007	20
2003-04	എൽ.എഫ്.കെ.എൻ.ആർ/സി3/962/08 തീയതി.21.02.2009	10
2004-05	എൽ.എഫ്.കെ.എൻ.ആർ/സി3/963/08 തീയതി.21.02.2009	09
2005-06	എൽ.എഫ്.കെ.എൻ.ആർ/സി3/924/09 തീയ്യതി.09.01.2010	04
2006-07	എൽ.എഫ്.കെ.എൻ.ആർ/സി3/806/09 തീയതി.27.02.2010	03
2007-08	എൽ.എഫ്.കെ.എൻ.ആർ/സി3/137/11 തീയതി.07.12.2011	15
2008-09	എൽ.എഫ്.കെ.എൻ.ആർ/സി3/138/11 തീയതി.27.09.2011	21
2009-10 2010-11	എൽ.എഫ്.കെ.എൻ.ആർ/സി3/1045/13 തീയതി.17.10.2013	24
2011-12 2012-13	എൽ.എഫ്.കെ.എൻ.ആർ/സി3/34/15 തീയതി.30.03.2015	36
2013-14 2014-15	എൽ.എഫ്.കെ.എൻ.ആർ/സി3/1208/15 തീയതി.29.10.2015	20
01.04.2015 To 31.10.2015	കെ.എസ്.എ/കെ.എൻ.ആർ/സി9/1303/ 2017 തീയതി.13.12.2017	12

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3/2023 dated 22-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Panoor Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panoor Municipality for the year 2022-2023

Date: 07/03/2024

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Panoor Municipality for the Year 2022-2023 .

1.Major Observations

1) Loan amount in B-5 schedule is not updated by taking the details of repayment as per G O project

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Basic Ratios and Notes on account,comparitive amounts of previous year

2) Demand Registers not reliable for audit. Demand collection balance as per Snchaya software do not match with Annual Financial Statement.

3) Following Registers does not maintained so as to verify the amounts with AFS

Deposit Register, Advance register, Appropriation control Register of Central & State Fund, Asset register.

4. Depreciation is not provided for asset in income and expenditure statement and documents regarding calculation of depreciation is not made available
5. Grant liability amount shown as liability in balance sheet does not match with bank account opened for the specified grant account
6. Amount used for asset creation using specific grant account is not shown in B-3 - capital contribution
7. Details of unsecured loan in B-6 schedule is not made available for verification
8. Deposit work for which utilisation certificate is not obtained is not shown in B-18 schedule
9. Finance commission grant receipt and payment as per AFS do not match with ACR
10. Pass book balance as per bank reconciliation statement do not match with the actual pass book balance in some accounts
11. Bank book balance as per bank reconciliation statement does not match with the balance as per B-17 schedule in some accounts
12. Cheque worth Rs 49666 deposited in SBI Salary Account during the year 2018 have not been credited till date as per reconciliation statement..
13. Cheque uncashed for more than 3 months is not transfered to stale cheque account
14. Negative balance are shown for some asset items as per B-15, B-11schedule and festival advance in B-18 schedule
15. Details of uncashed and uncredited cheque as per bank reconciliation statement of some accounts are not made available for verification
16. certain liabilities such as govt dues as per B-9 schedule which shows the same balance of previous year are neither adjusted nor remmitted
17. Finance commission grant expenditure as per ACR,Sulekha expenditure statement does not match with AFS
18. honorarium of elected members , salary of contract staff for the month of march 2023 are not shown in B-9 schedule
19. General fund & excess of income over expenditure opening balance as per trial balance of the current year do not match with the respective closing balance as per B-1 schedule of 2021-22

അനുബന്ധം–2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2022–2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021–ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ധനകാര്യ പത്രികകൾ

1. **RECEIPT & PAYMENT STATEMENT- Panoor Municipality**

For the period from 01-April-2022 to 31-March-2023			
Code.No.	Description of Items	Schedule No.	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	85743746.00
Cash	Cash	RP-40(a)	-3660.00
	Operating		
110000000	Tax Revenue	RP-1	3640764.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	RP-2	1886564.00
130000000	Rental income from Panchayat Properties	RP-3	1200.00
140000000	Fees & User Charges	RP-4	3174882.00
150000000	Sale & Hire Charges	RP-5	70177.00
160000000	Revenue Grants, Funds, Contributions & Compensations	RP-6	84615020.00
170000000	Income from Investments	RP-7	50986.00
171000000	Interest Earned	RP-8	1431212.00
180000000	Other Income	RP-9	163049.00
431000000	Sundry Debtors (Receivables)	RP-37	96616121.00
	Non Operating		
311000000	Earmarked Funds	RP-22	194000.00
320000000	Grants, Funds & Contributions for Specific Purposes	RP-24	40528386.00
340000000	Deposits Received	RP-27	246259.00
350000000	Other Liabilities	RP-29	2721451.00

410000000	Fixed Assets	RP-31	27948.00
460000000	Loans, Advances and Deposits	RP-41	73520.00
	Grand total		**321181625.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-10	11369660.00
220000000	Administrative Expenses	RP-11	2842990.00
230000000	Operations & Maintenance	RP-12	4007084.00
240000000	Interest & Finance Charges	RP-13	2578.00
250000000	Decentralised Plan Programme- Productive Sector	RP-14	35250463.00
251000000	Decentralised Plan Programme- Service Sector	RP-16	1500000.00
251000000	Decentralised Plan Programme- Service Sector	RP-45	15323059.00
252000000	Decentralised Plan Programme- Infrastructure Sector	RP-46	8069709.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-47	5732375.00
260000000	Grants, Contributions and Compensations from Own Fund	RP-15	115000.00
350000000	Other Liabilities	RP-29	10575874.00
431000000	Sundry Debtors (Receivables)	RP-37	69421780.00
	Non Operating		
280000000	Prior Period Item / Transfer to Reserve Funds(ILGMS)	RP-19	738147.00
350000000	Other Liabilities	RP-29	8706147.00
410000000	Fixed Assets	RP-31	3317493.00
412000000	Capital work in Progress	RP-33	2480950.00
460000000	Loans, Advances and Deposits	RP-41	45994.00
	Closing Balance		

	Closing Balance		
Bank	Bank	RP-40(b)	141682322.00
Cash	Cash	RP-40(b)	0.0
	Grand Total		**321181625.00**

2. **INCOME & EXPENDITURE STATEMENT - Panoor Municipality**

For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	22004930.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	1880014.00
130000000	Rental Income from Panchayat / Municipal Properties	I-3	1200.00
140000000	Fee & User Charges	I-4(b)	4560563.00
150000000	Sale & Hire Charges	I-5(b)	70177.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	113906129.00
170000000	Income from Investments	I-7	50986.00
171000000	Interest Earned	I-8	1431212.00
180000000	Other Income	I-9	163249.00
	Total Income		**144068460.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	33188469.00
220000000	Administrative Expenses	I-11(b)	11124864.00
230000000	Operations & Maintenance	I-12(b)	6380485.00
240000000	Interest & Finance Charges	I-13	2578.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	59933263.00
251000000	Decentralised Plan Programme-Service Sector	I-14	9024703.00
252000000	Decentralised Plan Programme-Infrastructure Sector	I-14	8476773.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14	5042741.00

260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	115000.00
272000000	Depreciation	I-17(a)	7742756.00
	Total Expenditure		**141031632.00**
	Gross Surplus / Deficit of income over Expenditure		**3036828.00**
280000000	Prior Period Item / Transfer to Reserve Funds(ILGMS)	I-18	-10541997.00
	Net difference (Prior period Income - Prior period Expenditure)		**13578825.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18(a)	0.0

3. BALANCE SHEET - Panoor Municipality

AS on 31-March-2023			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	104401640.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	5622502.00
312000000	Reserves	B-3	56816874.00
	Total Reserve & Surplus		**166841016.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	123382994.00
	Total Grants, Contributions for Specific Purposes		**123382994.00**
	Loans		
330000000	Secured Loans	B-5	29360000.00
331000000	Unsecured Loans	B-6	511332.00
	Total Loans		**29871332.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	3447380.00
350000000	Other Liabilities	B-9	33860807.00
	Total Current Liabilities and Provisions		**37308187.00**
	TOTAL LIABILITIES		**357403529.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	129869801.00
411000000	Accumulated Depreciation	B-11	-17746092.00
412000000	Capital Work in Progress	B-11	13669113.00
	Total Fixed Assets		**125792822.00**
	Investments		
	Current Assets, Loans and Advances		
431000000	Sundry Debtors (Receivables)	B-15	89077549.00
450000000	Cash and Bank Balance	B-17	141682322.00

460000000	Loans, Advances and Deposits	B-18	850836.00
	Total Current Assets, Loans and Advances		**231610707.00**
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		**357403529.00**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.